2025 MARCH 9

emalayalee.com

The Weekly

WEEKLY NEWSPAPER


Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122



# ഫൊക്കാന @കൽഹാരി



# ഈ ദുരന്തം വെറുതെ ആകരുത്


MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 36-38 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com

# ഫൊക്കാന ഇന്റർനാഷണൽ കൺവൻഷൻ

## 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ

## കൽഹാരി റിസോർട്ടുമായി കരാർ ഒപ്പിട്ടു



കൽഹാരി, പെൻസിൽവേനിയ: അടുത്ത വർഷം (2026) ഓഗസ്റ്റ് 6,7,8,9 തീയതികളിൽ നടക്കുന്ന ഫൊക്കാന കൺവൻഷന്റെ വേദിയായ പെൻസിൽവേനിയയിലെ കൽഹാരി റിസോർട്ടുമായി കരാർ ഒപ്പു വച്ചു.

പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ എന്നിവരുടെ നേതൃത്വത്തിൽ അമേരിക്കയുടെ പല ഭാഗത്തു നിന്നും കാനഡയിൽ നിന്നും ഒട്ടേറെ നേതാക്കളും പ്രതിനിധികളും ചടങ്ങിന് എത്തി.

റിസോർട്ടിന്റെ ജനറൽ മാനേജർ ഡോണും ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയും കരാറിൽ ഒപ്പു വച്ചു.അൻപതിൽ അധികം സീനിയർ ഫൊക്കാന നേതാക്കളുടെ സാനിധ്യത്തിൽ ഒരു ആഘോഷമായാണ് കരാറിൽ ഒപ്പുവെച്ചത്.

ലോകത്തിലെ ഏറ്റവും വലിയ ഇൻഡോർ വാട്ടർ പാർക്കാണ് കൽഹാരി. ആഫ്രിക്കൻ മരുഭൂമിയുടെ പേരാണത്. ആഫ്രിക്കൻ സംസ്കാരവുമായി ബന്ധപ്പെട്ട ചിത്രങ്ങളും ശില്പങ്ങളും അതിവിശാലമായ ഹോട്ടൽ സമുച്ചയത്തെ വ്യത്യസ്തമാക്കുന്നു. പോക്കണോ മൗണ്ടൻസിലാണ് റിസോർട്ട്. ന്യൂ യോർക്കിൽ നിന്ന് രണ്ടു മണിക്കൂർ ദൂരം. ഫിലാഡഫിയയിൽ നിന്നും വളരെ അടുത്ത്. വാഷിംഗ്ടൺ ഡിസി, തുടങ്ങി ഈസ്റ്റ് കോസ്റ്റിൽ മിക്കയിടത്തും നിന്നും ഡ്രൈവ് ചെയ്തു വരാൻ പറ്റുന്നതാണ് ഈ വേദി.

ആയിരത്തോളം റൂമുകളും, അറായിരത്തിൽ അധികം ആളുകൾക്ക് ഇരിക്കാവുന്ന മൾട്ടിപ്പിൽ കോൺഫ്രസ് ഹാളുകൾ , പതിനായിരത്തിൽ അധികം വണ്ടികൾ പാർക്ക് ചെയ്യാവുന്ന വിശാലമായ പാർക്കിംഗ് ലോട്ട് , കോൺഫറൻസ് ഹാളുകളും , അത്യാധുനിക സൗകര്യങ്ങളോടും , പ്രകൃതിസുന്ദരമായ അന്തരീക്ഷവും പ്രസ്തുത കൺവൻഷൻ സെന്ററിനെ ലോകോത്തര നിലവാരമുള്ള കൺവെൻഷൻ സെന്ററുകളിൽ ഒന്നാക്കി മാറ്റുന്നു.

കാലാവസ്ഥയും രമണീയമായ ഭൂപ്രകൃതിയുമാണ് പോക്കണോസിനെ വ്യത്യസ്തമാക്കുന്നത്.

'ഒരു ഫാമിലി കൺവൻഷനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും വരാനും

താമസിക്കാനും ആഹ്ലാദപൂർവം നാല് ദിവസങ്ങൾ ചെലവഴിക്കാനും പറ്റിയ വേദിയാണിത്. കുട്ടികളും മുതിർന്നവരുമെല്ലാം ഇത് ഒരുപോലെ ഇഷ്ടപ്പെടും,' പ്രസിഡന്റ് സജിമോൻ ആന്റണി പറഞ്ഞു.

ഇത്രയും വിശാലമായ ഒരു വേദിയിൽ സംഘടനകളൊന്നും മുൻപ് കൺവൻഷൻ നടത്തിയതായി തോന്നുന്നില്ലെന്ന് സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ പറഞ്ഞു. മികച്ച റിസോർട്ട് ആയതിനാൽ ചെലവ് കൂടുമെങ്കിലും എല്ലാവർക്കും സ്വീകാര്യമായ രജിസ്ട്രേഷൻ എന്നതാണ് ലക്ഷ്യമെന്ന് ട്രഷറർ ജോയി ചാക്കപ്പൻ പറഞ്ഞു. ഫൊക്കാനയുടെ ചരിത്ര കൺവെൻഷൻ ആയിരിക്കുമെന്ന് എക്സി . വൈസ് പ്രസിഡന്റ് പ്രവീൺ ഗ തോമസും അഭിപ്രായപ്പെട്ടു .

പെൻസിൽവാനിയായിലെ കലഹാരി റിസോർട്സ് & കൺവെൻഷൻ സെന്റർ വിപുലമായ കെട്ടിട സമുച്ചയങ്ങളോടും , പ്രകൃതിസുന്ദരമായ അന്തരീക്ഷവും പ്രസ്തുത കൺവൻഷൻ സെന്ററിനെ വേറിട്ടതാക്കുന്നു. ലോകത്തിലേക്കും ഏറ്റവും വലിയ ഇൻഡോർ 'വാട്ടർ പാർക്കാണ് ഇത് . ഇപ്പോൾ പുതിയതായി ഔട്ട് ഡോർ വാട്ടർ പാർക്കും പണിതു കഴിഞ്ഞു. സിപ്പ്ലൈൻ എന്നിവയും ഒരു ഹൈലൈറ്റ് ആണ് . ഹൈഎൻഡ് ഔട്ട്ലെറ്റ് സ്റ്റോറുകൾ , കാസിനോസ്, ബ്രെവെറി തുടങ്ങിയവും ഈ കൺവെൻഷൻ സെന്ററിന്റെ സമീപത്തായി ഉണ്ട് .ഇതല്ലാം ഈ കൺവെൻഷൻ സെന്ററിന്റെ അട്രാക്ഷൻസ് ആണ് .

സമ്മേളനവേദിയും ഹോട്ടലിലെ സൗകര്യങ്ങളും കാണാനും അധികൃതർ സൗകര്യമൊരുക്കി. ഫൊക്കാന പോലുള്ള ഒരു സംഘടനയുമായി സഹകരിക്കാൻ കഴിയുന്നതിലും അവർ സംതൃപ്തി പ്രകടിപ്പിച്ചു.

ഏറ്റവും നേരത്തെ താന്നെ മുറികൾ ബുക്ക് ചയ്യാൻ ഭാരവാഹികൾ അഭ്യർത്ഥിച്ചു. ഇതിനായുള്ള വെബ് സൈറ്റ് ഉടൻ തന്നെ പ്രവർത്തനനിരതമാകും. നോർത്ത് അമേരിക്കൻ സാമുഖ്യ സംഘടനകളുടെ ചരിത്രത്തിൽ ആദ്യമായാണ് അമ്പതിൽ അധികം ആളുകൾ പങ്കെടുത്ത ഒരു സൈനിങ്ങ് സെറിമണി നടത്തുന്നത് , അതിന് ശേഷം വുഡ്ലാൻഡ് റിസോർട്ടിൽ നടന്ന സെലിബ്രേഷനുകളിലും ഇവരെല്ലാം പങ്കെടുത്തു ഒരു മിനി കൺവെൻഷന്റെ പ്രതീതി ഉണർത്തി. ഇത് ഫൊക്കാനയുടെ പ്രവത്തന മികവ് കൂടിയാണ് കാണിക്കുന്നത്.


കാനഡയിൽ നിൻ ട്രസ്റ്റി ബോർഡ് ചെയർ ജോജി വർഗീസ് ,ചിക്കാഗോയിൽ നിന്നും എക്സി . വൈസ് പ്രസിഡന്റ് പ്രവീൺ തോമസ് , വാഷിംഗ്ടൺ ഡിസിയിൽ നിന്ന് വൈസ് പ്രസിഡന്റ് വിപിൻ രാജ്, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന കൺവെൻഷൻ ചെയർ ആൽബർട്ട് കണ്ണമ്പള്ളിൽ , മുൻ പ്രസിഡന്റുമാരായ പോൾ കറുകപ്പള്ളി, ജോർജി വർഗീസ്, കേരളാ കൺവെൻഷൻ ചെയർ ജോയി ഇട്ടൻ എന്നിവർക്ക് പുറമെ ലീല മാരേട്ട്, വർഗീസ് ഉലഹന്നാൻ, സജി പോത്തൻ, ജീമോൻ.വർഗീസ് , ആന്റോ വർക്കി , ഫ്രാൻസിസ് കരക്കാട്ടു, കോശി കുരുവിള , മനോജ് മാത്യു , മത്തായി ചാക്കോ,ബിജു ജോർജ് (കാനഡ), ദേവസി പാലാട്ടി, ഷിബു മോൻ മാത്യു , റാം മാധ്യമ പ്രവർത്തകരായ സുനിൽ ട്രൈസ്റ്റാർ (IPCNA പ്രസിഡന്റ് ) ജോർജ് ജോസഫ് (ഇമലയാളി) ഒട്ടേറെ പേര് പങ്കെടുത്തു.














THE BIGGEST JEWELLERY SALE
THE INCREDIBLE FLAT
50%
OFF | ON MAKING CHARGES
FOR GOLD, DIAMONDS, POLKI & PRECIOUS JEWELLERY
Offer valid from 21ST Feb. to Mar. 23rd, 2025
GET 100% VALUE ON DIAMOND EXCHANGE
EASY PAYMENT PLANS
*T&C Apply. Not applicable for Gold coins & bars.
joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936

# ഷൈനിയുടെയും പെൺമക്കളുടെയും ആത്മഹത്യ; നിർണായക വിവരങ്ങൾ ഫോണിൽ




emalayalee.com

**എ.എസ് ശ്രീകുമാർ**

ഭർത്താവിന്റെ ശാരീരികവും മാനസികവുമായ പീഡനം സഹിക്കവയ്യാതെ 10-ഉം 11-ഉം വയസുള്ള പെൺമക്കളുമായി ഏറ്റുമാനൂരിലെ വീട്ടമ്മ ട്രെയിനിന് മുന്നിൽ ചാടി ജീവനൊടുക്കിയ സംഭവത്തിന്റെ കൂടുതൽ വിവരങ്ങൾ പുറത്ത്. മരിച്ച ഷൈനിയുടെ മൊബൈൽ ഫോൺ സ്വിച്ച് ഓഫായ നിലയിൽ പാറോലിക്കലിലെ അവരുടെ വീട്ടിൽ നിന്ന് പൊലീസ് കണ്ടെത്തിയെന്നാണ് ഏറ്റവും പുതിയ വിവരം. ദുരൂഹമായ ഈ ആത്മഹത്യാ കേസിൽ നിർണായക തെളിവായേക്കാവുന്ന ഫോൺ പരിശോധനയ്ക്ക് വിധേയമാക്കും.

സംഭവം നടന്ന് ഒരാഴ്ചയായിട്ടും മൊബൈൽ ഫോൺ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ഫോൺ എവിടെയാണെന്ന് അറിയില്ലെന്നായിരുന്നു ഷൈനിയുടെ മാതാപിതാക്കൾ ഇതുവരെ പറഞ്ഞിരുന്നത്. കേസിന്റെ തുടക്കം മുതൽ ഷൈനിയുടെ കുടുംബം നൽകുന്ന മൊഴികളിൽ വൈരുധ്യമുണ്ടത്രേ. ഫോൺ കാണാതായതിലെ ദുരൂഹത വലിയ വാർത്തയായിരുന്നു. ഷൈനിയും മക്കളും ആത്മഹത്യ ചെയ്യുന്നതിന്റെ തലേദിവസം ഭർത്താവ് നോബി ലൂക്കോസ് ഫോണിൽ വിളിച്ച് അധിക്ഷേപിച്ചതാണ് ആത്മഹത്യയ്ക്ക് പ്രേരണയായതെന്ന പ്രാഥമിക നിഗമനത്തിലാണ് അന്വേഷണ സംഘം.

ഇത് കണക്കിലെടുത്താണ് നോബി ലൂക്കോസിനെ ആത്മഹത്യ പ്രേരണ കുറ്റം ചുമത്തി അറസ്റ്റ് ചെയ്തത്. പൊലീസ് കസ്റ്റഡിയിലുള്ള നോബിയുടെ ഫോണും ഷൈനിയുടെ ഫോണും പരിശോധിക്കും. ഷൈനിയുടെ ഫോൺ ഇത്രയും ദിവസം ഒളിപ്പിച്ചത് ആരെന്നത് സംബന്ധിച്ചും അന്വേഷണമുണ്ടാകും. നോബിയുടെ വീട്ടിൽ നിന്ന് എത്തിയതിനുശേഷം സ്വന്തം വീട്ടിലും ഷൈനി മാനസിക സമ്മർദം അനുഭവിച്ചിരുന്നോയെന്നും അന്വേഷിക്കുന്നുണ്ട്. അച്ഛൻ കുര്യാക്കോസിന്റെയും അമ്മ മോളിയുടേയും മൊഴി പൊലീസ് വീണ്ടും രേഖപ്പെടുത്തും. ഷൈനിയുടെ സഹോദരങ്ങളോടും കൂടുതൽ വിവരങ്ങൾ തേടും.

ഷൈനിയുടെ ഭർത്താവായ തൊടുപുഴ ചുങ്കം ചേരിയിൽ വലിയപറമ്പിൽ നോബി ലൂക്കോസിനെ കഴിഞ്ഞ ദിവസമാണ് പോലീസ് അറസ്റ്റ് ചെയ്തത്. കടുത്ത മദ്യപാനിയായ നോബിയുടെ നിരന്തരമായ മർദനത്തിൽ സഹികെട്ടാണ് ഷൈനി (43) മക്കളായ അലീന എലിസബത്ത് (11), ഇവാന മരിയ (10) എന്നിവരെ കൂട്ടി വീട്ടിലേക്ക് പോന്നത് . അലീനയും ഇവാനയും തെള്ളകം ഹോളിക്രോസ് സ്കൂളിലെ വിദ്യാർത്ഥികളായിരുന്നു.



എങ്ങനെയെങ്കിലും ഒരു ജോലി സമ്പാദിച്ച് മക്കളെ പോറ്റാൻ ഷൈനി ശ്രമിച്ചെങ്കിലും എല്ലാ വഴികളും അടയുകയായിരുന്നു. പിന്നെ മക്കളുടെ പഠിത്തത്തിനും വീട്ടുചെലവിനും പണം കണ്ടെത്താൻ പറമ്പിൽ കൃഷി ചെയ്തു. പന്നി-കോഴി എന്നിവയെ വളർത്തി. വാഴക്കുല ചന്തയിൽ കൊണ്ടുപോയി വിറ്റും മീൻകൃഷി നടത്തിയും പണമുണ്ടാക്കാൻ ഷൈനി കഷ്ടപ്പെട്ടുവെന്നാണ് അയൽവാസികൾ പറയുന്നത്.

വലിയ മാനസിക സമ്മർദ്ദത്തിലാണെന്നും ജോലിക്കു വേണ്ടി മുട്ടാത്ത വാതിലുകളില്ലെന്നും കൂട്ടുകാരിയോടു ഷൈനി പറയുന്ന ശബ്ദ സന്ദേശം പുറത്തുവന്നിരുന്നു. ''അമേരിക്കയിൽ ജോലിക്ക് ശ്രമിക്കുന്നുണ്ട്. അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാകണമെങ്കിൽ ഒരു വർഷത്തോളം വേണം. വിവാഹമോചന കേസിൽ പല തവണ കോടതി വിളിപ്പിച്ചിട്ടും ഭർത്താവ് വന്നില്ല. കഴിഞ്ഞ മാസം 17-ന് ഹിയറിങ് ഉണ്ടായിരുന്നു. നാട്ടിൻ ഉണ്ടായിരുന്നിട്ടും നോബി വന്നില്ല...'' എന്ന് കുട്ടുകാരിക്ക് അയച്ച സന്ദേശത്തിൽ ഷൈനി പറയുന്നുണ്ട്.

എന്നാൽ പെട്ടെന്ന് ആത്മഹത്യ ചെയ്യാനുള്ള കാരണം നോബിയുടെയും ഷൈനിയുടെയും ഫോണിൽ ഉണ്ടെന്നാണറിയുന്നത്. ഫെബ്രുവരി 28-ാം തീയതി പുലർച്ചെ അഞ്ച് മണിയോടെ പള്ളിയിലേക്ക് പോകുകയാണെന്ന് പറഞ്ഞാണ് ഷൈനിയും മക്കളും വീട്ടിൽ നിന്നിറങ്ങിയത്. മക്കളെ പിടിച്ച് വലിച്ച് നിർബന്ധിച്ച് കൊണ്ടുപോകുന്നതിന്റെ സി.സി.ടി.വി ദൃശ്യം പുറത്ത് വന്നിരുന്നു. സംഭവിക്കാൻ പോകുന്നത് എന്തായിരിക്കുമെന്ന ആശങ്കയിലും ഭീതിയിലുമായിരുന്നിരിക്കണം നിഷ്കളങ്കരായ ഈ പെൺ കുരുന്നുകൾ. സി.സി.ടി.വി ദൃശ്യം നമ്മെ അമ്പരപ്പിക്കുന്നതാണ്. പുലർച്ചെ 5.20-ന് കോട്ടയം-നിലമ്പൂർ എക്സ്പ്രസ് ട്രെയിനിന്റെ മുന്നിലേയ്ക്കാണ് ഇവർ ചാടിയത്. ട്രെയിന് മുന്നിലേക്ക് മൂന്ന് പേർ ചാടുകയായിരുന്നുവെന്നാണ് ലോക്കോ പൈലറ്റ് പോലീസിനെ അറിയിച്ചത്.

ഷൈനി അതിക്രൂരമായ പീഡനത്തിന് ഇരയായതായി അയൽവാസികൾ പറയുന്നുണ്ട്. ഷൈനിയുടെ മകൻ എഡ്വിനെയും കരുവാക്കിയത് ഷൈനിയെ വല്ലാതെ തളർത്തി. ബി.എസ്.സി നേഴ്സായിരുന്ന ഷൈനിയെ നോബി ജോലിക്ക് വിട്ടില്ലെന്ന് മാത്രമല്ല അവരെക്കൊണ്ട് പറ്റാത്ത രീതിയിൽ വീട്ടുജോലി എടുപ്പിക്കുമായിരുന്നുവത്രെ. വർഷങ്ങളായി എല്ലാം സഹിച്ച് ഷൈനി ഭർതൃവീട്ടിൽ കഴിയുകയായിരുന്നു. അതേസമയം ഭർതൃവീട്ടുകാർക്കൊപ്പം ഷൈനിയെ പീഡിപ്പിക്കാൻ കൂട്ടു നിന്നത് ഓസ്ട്രേലിയയിൽ വൈദികനായ ഫാ. ബോബി ചിറയിലാണെന്ന വിവരവും ഞെട്ടിക്കുന്നതാണ്. ഫാ. ബോബിയുടെ സഹോദരന്റെ ഭാര്യയാണ് ഷൈനി. ബോബിക്കെതിരെ ഓസ്ട്രേലിയൻ മലയാളികൾക്കിടയിൽ ശക്തമായ പ്രതിഷേധം ഉയരുന്നുണ്ട്.

ഷൈനിയുടെയും മക്കളുടെയും മരണത്തിൽ വൈദികന്റെ പങ്കാളിത്വം സംബന്ധിച്ച് ഉയർന്ന ആരോപണങ്ങൾ ബന്ധപ്പെട്ട ഓസ്ട്രേലിയൻ അധികാരികൾ അന്വേഷിക്കണം എന്നാവശ്യപ്പെട്ട് അവിടെ വൻ ഒപ്പ് ശേഖരണം തുടങ്ങി. 15,000-ത്തിലധികം ആളുകൾ വൈദികനെതിരേ അന്വേഷണം ആവശ്യപ്പെട്ട് പെറ്റീഷനിൽ ഒപ്പിട്ടി കഴിഞ്ഞു. ഇതോടെ ഫാ. ബോബി കുരുക്കിലായി. ഷൈനി ജോലിക്കായി പല സ്ഥാപനങ്ങളിലും കയറിയിറങ്ങിയെങ്കിലും അതെല്ലാം ഈ വൈദികൻ ഇടപെട്ട് മുടക്കുകയായിരുന്നത്രേ.

അതിദാരുണമായ ഈ സംഭവത്തിൽ മറ്റൊരു ടിസ്റ്റ് കൂടിയുണ്ട്. ഷൈനിയുടെ പിതാവ് കുര്യാക്കോസിനെതിരെ ആരോപണവുമായി എത്തിയിരിക്കുകയാണ് ഇവർ മുൻപ് ജോലി ചെയ്ത സ്ഥാപനത്തിന്റെ ഉടമ. ഷൈനി വീടിന് അടുത്തുള്ള കെയർ ഹോമിൽ നാല് മാസം ജോലി ചെയ്തിരുന്നു, എന്നാൽ ജോലി നിർത്താൻ കാരണം അച്ഛൻ കുര്യാക്കോസാണെന്ന് കെയർ ഹോം ഉടമ ഫ്രാൻസിസ് ജോർജ് പറയുന്നു. ഭർത്താവിന്റെ വീട്ടിൽ നിന്ന് ഷൈനി വന്നപ്പോൾ അവരുടെ അവസ്ഥ കണ്ടാണ് താൻ ജോലി കൊടുത്തതെന്നും ജോലിക്ക് വന്നപ്പോൾ സങ്കടത്തിലായിരുന്ന ഷൈനിക്ക് പിന്നീട് നല്ല മാറ്റമുണ്ടായെന്നും ഫ്രാൻസിസ് വ്യക്തമാക്കി.

എന്നാൽ സ്ഥാപനം അടപ്പിക്കാൻ ഷൈനിയുടെ അച്ഛൻ ശ്രമിച്ചുകൊണ്ടിരുന്നു. അതിനായി സ്ഥാപനത്തിനെതിരെ ആരോഗ്യ വകുപ്പിൽ പരാതി കൊടുത്തു. കെയർ ഹോമിലെ ബയോ ഗ്യാസ് പ്ലാന്റിനെതിരെ കുര്യക്കോസ് നാട്ടുകാരെ കൂട്ടി പ്രതിഷേധിച്ചു. ഡൽഹിയിൽ പോയിട്ടാണെങ്കിലും സ്ഥാപനം പൂട്ടിക്കുമെന്ന് പലപ്പോഴും കുര്യാക്കോസ് പറഞ്ഞു. താൻ ജോലി ചെയ്യുന്ന സ്ഥാപനത്തിനെതിരെ പിതാവ് തുടർച്ചയായി പരാതി നൽകിയതോടെ ഷൈനി രാജിവയ്ക്കാൻ നിർബന്ധിതയായി. വിദേശത്തേക്ക് പോകണമെന്നും അതിനായി ഐ.ഇ.എൽ.ടി.എസ് പഠിക്കണമെന്നും പറഞ്ഞ ഷൈനി രണ്ടും കൂടെ നടക്കില്ലെന്ന കാരണം പറഞ്ഞാണ് ജോലി രാജിവെച്ചതെന്നും ഫ്രാൻസിസ് ജോർജ് പറഞ്ഞു.

തൊടുപുഴ ചുങ്കം സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ മന്ത്രകോടിയിൽ പൊതിഞ്ഞെടുത്താണ് ഷൈനിയുടെ മൃതദേഹം അടക്കിയത്. ചലനമറ്റ അമ്മയേയും സഹോദരിമാരേയും കെട്ടിപ്പിടിച്ചു കരയുന്ന എഡ്വിൻ ഏവരെയും സങ്കടത്തിലാഴ്ത്തി. ഷൈനിയുടെ നാട്ടിൽ സംസ്കാരം നടത്താനാണ് ആദ്യം തീരുമാനിച്ചതെങ്കിലും നോബിയുടെ കുടുംബം പൊലീസിൽ പരാതി നൽകിയതിനെ തുടർന്നാണ് അടക്കം മാറ്റിയത്.


MALABAR
GOLD & DIAMONDS
Celebrate with Savings!
Pay 10%
Advance & Get
Gold Rate Protection
Advance valid until
30th April, 2025
Get a FREE
Diamond Gift Voucher
worth USD 50
On first booking until
13th April, 2025
*T&C Apply


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# കേരളാ ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്കയുടെ ഫ്ളോറിഡ വിരാട് 2025 ശുഭാരംഭം റ്റാമ്പായിൽ ആഘോഷിച്ചു




റ്റാമ്പാ : ഫെബ്രുവരി 22ന് രാവിലെ പതിനൊന്നരക്ക് കൊടിയേറ്റോടുകൂടി തുടങ്ങിയ വർണശബളമായ കലാ സാംസ്കാരിക പരിപാടികൾ വൈകീട്ട് ഏഴര വരെ നീണ്ടുനിന്നു.

ഓപ്പണിങ് സെറിമണിക്ക് ശേഷം ഫ്ലോറിഡയിലെ വിവിധ ഭാഗങ്ങളിൽ നിന്നു വന്ന ആൾക്കാരെ പരസ്പരം പരിചയപ്പെടുത്തുന്നതിനു വേണ്ടിയുള്ള മീറ്റ് ആൻഡ് ഗ്രീറ്റ് പരിപാടിയും നടന്നു.

‘Positive Influence of our Culture on the next Generation” എന്ന വിഷയത്തിൽ ഡോ: നിഷാ പിള്ളയും ഡോ:രവീന്ദ്രനാഥും ചേർന്നു നടത്തിയ നടത്തിയ സെമിനാർ വിഷയത്തിന്റെ ആനുകാലികത കൊണ്ടും പ്രയോഗിത കൊണ്ടും വളരെ ശ്രദ്ധേയമായി.

ശുഭാരംഭത്തിന്റെ ഭാഗമാക്കി ഒരുക്കിയ വിഭവ സമൃദ്ധമായ സദ്യയിൽനാന്നൂറിൽ പരം പേർക്ക് വിളമ്പി.

Relevance of Hinduism in modern world എന്ന വിഷയത്തിൽ യൂത്ത് മെംബേർസ് നടത്തിയ ചർച്ച ഇന്നത്തെ തലമുറ ഹിന്ദുയിസത്തെ എങ്ങിനെ കാണുന്നു എന്നും പ്രയോഗികമായി ജീവിതത്തിൽ എങ്ങിനെ ഉൾപ്പെടുത്താമെന്നും ഉള്ള അവരുടെ കാഴ്ചപ്പാടുകൾ വ്യക്തമാക്കി. ചർച്ച മോഡറേറ്റ് ചെയ്തത് സുനിത വേണുഗോപാൽ ആയിരുന്നു.

സദ്യക്ക് ശേഷം ശ്രുതിലയമേളത്തിന്റെ ചെണ്ടമേളത്തിന്റെയും അറുപതോളം താലപ്പൊലിയുടെയും അകമ്പടിയോടെ നടത്തിയ ഘോഷയാത്ര മനോഹരമായിരുന്നു. ഘോഷയാത്രയ്ക്ക് ശേഷം നടന്ന സമ്മേളനത്തിൽ കെ എച് എൻ എ ട്രസ്റ്റി ബോർഡ് മെമ്പർ ടി ഉണ്ണികൃഷ്ണൻ സ്വാഗതം പറഞ്ഞു. പ്രസിഡൻറ് ഡോ: നിഷാ പിള്ള മുഖ്യ പ്രഭാഷണം നടത്തുകയും ജനറൽ സെക്രട്ടറി മധു ചിറയിടത്ത് ,ആത്മ പ്രസിഡൻറ് അരുൺ ഭാസ്കർ ,ട്രസ്റ്റി ബോർഡ് മെമ്പർ നന്ദകുമാർ ബോർഡ് ഓഫ് ഡയറക്ടേഴ്സ് ആയ അശോക് മേനോൻ ,ബിനീഷ് വിശ്വം തുടങ്ങിയവർ സംസാരിച്ചു

പിന്നീട് നടന്ന വിരാട് 2025 കിക്കോഫിൽ കൺവെൻഷൻ ചെയർമാൻ സുനിൽ പൈങ്കോൾ , രജിസ്ട്രേഷൻ കമ്മിറ്റി ചെയർമാൻ സഞ്ജീവ് കുമാർ തുടങ്ങിയവർ കൺവെൻഷനെപ്പറ്റി വിശദീകരിക്കുകയും സംശയങ്ങൾക്ക് മറുപടി പറയുകയും ചെയ്തു വേദിയിൽ വച്ച് തന്നെ 50ലധികം ഫാമിലികളുടെ രജിസ്ട്രേഷൻ സ്വീകരിക്കുകയുണ്ടായി

റ്റാമ്പായിൽ നിന്നുള്ള ടീം അവതരിപ്പിച്ച വെൽക്കം ക്ലാസിക്കൽ ഡാൻസ്, സ്മിത ദീപക്കിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച കർണാട്ടിക് മ്യൂസിക് , ഗണപതി ഇൻവോക്കേഷൻ ഡാൻസ് ,മയാമി ടീമിൻറെ അഷ്ട



ലക്ഷ്മി ഡാൻസ്, ആത്മയുടെ കുട്ടികൾ അവതരിപ്പിച്ച കിഡ്സ് ഡാൻസ്, ശ്രുതിലയ മേളത്തിന്റെ ചെണ്ടമേളം, ഗ്രൂപ്പ് സോങ്ങുകൾ എന്നിവയും പരിപാടിയിലെ അവസാന ഇനമായി അവതരിപ്പിച്ച മായ സീത എന്ന നൃത്ത ആവിഷ്കാരവും കാണികളുടെ മുക്തകണ്ഠമായ പ്രശംസ പിടിച്ചു പറ്റി. മായ സീത അറ്റ്ലാന്റിക് സിറ്റിയിൽ നടക്കുന്ന കൺവെൻഷനിൽ അവതരിപ്പിക്കണമെന്നുള്ള ആവശ്യം ശക്തമായിരുന്നു.

പരിപാടികൾക്ക് ഇവന്റ് ചെയർ റ്റി ഉണ്ണി കൃഷ്ണൻ, സ്റ്റേറ്റ് കൺവീനേഴ്സ് വിനോദ് നായർ, സുനിത മേനോൻ, ഗോപൻ നായർ, സ്മിത നോബിൾ സു,രേഷ് പള്ളിക്കൂത്ത്. ദീപക് സുകുമാരൻ, അരുൺ ഭാസ്കർ , അഞ്ജന കൃഷ്ണൻ, അഷീദ് വാസുദേവൻ , നന്ദകുമാർ,അശോക് മേനോൻ, ബിനീഷ് വിശ്വം ഹരീഷ്,പ്രവീബ് ,ഷിബു തെക്കടവൻ,ശ്രീജേഷ് നമ്പ്യാർ, ശ്രീകുമാർ ,സുജിത്ത്, വിശാഖ തുടങ്ങിയവർ നേതൃത്വം നൽകി











# JOYFUL HOME CARE

Caring for your loved ones with a joyful spirit

**With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us**

24/7 Service Available

631-737-1000

**MAIN OFFICE:**
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com www.joyfulhomecare.com

**QUEENS OFFICE:**
201-16 Hillside Ave, Hollis, NY 11423

*Joy Mekkatte, CEO*

SERVING SUFFOLK NASSAU AND QUEENS COUNTY

# JOYFUL CAREER CENTER

Joyful Career Center

Joyful Career Center is a DOE-licensed school

**Do you want to change your Caregiver from PA to PCA?**

Apply Online or Call Today!

www.joyfulcareercenter.com
info@joyfulcareercenter.com

PCA, HHA & CNA CERTIFICATION PROGRAM

631-935-0440
1344 Middle Country Rd
Centereach, NY 11720

# കരയിലെ മീനുകൾ

## നോവൽ / നിർമ്മല





**ബെന്നി ന്യൂജേഴ്സി**

മസ്തിഷ്കത്തിലെ ന്യൂറോണുകളുടെ വയറിങ്ങിന്റെ ചില ഏറ്റക്കുറിച്ചിലുകളാണ് ഡിസ്‌ലെക്സിയ (Dyslexia) എന്ന അവസ്ഥയുടെ കാരണം. ഇതൊരു പഠന വൈകല്യമാണ്.

പ്രധാനമായും ഭാഷയെ പ്രോസസ്സ് ചെയ്യാനുള്ള മസ്തിഷ്കത്തിന്റെ കഴിവു കുറവാണ് ഇതിലേക്ക് നയിക്കുന്നത്ൽ. വാക്കുകൾ തിരിച്ചറിയുക, അക്ഷരങ്ങളും ശബ്ദങ്ങളും ഡിക്കോഡ് ചെയ്യുക, വാചകങ്ങൾ മനസ്സിലാക്കുക എന്നിവ ഇവർക്ക് ദുർബലമാണ്. പല പ്രശസ്ത ശാസ്തജ്ഞർ, കലാകാരന്മാർ, സാഹിത്യകാരന്മാർ ഡിസ്‌ലെക്സിയയുടെ പിടിയിൽപെട്ടവരാണ്. ഐൻസ്റ്റൻ, എഡിസൻ, പിക്കാസ്സോ, അഗത ക്യസ്തി മുതലായ പലരും ഡിസ്‌ലെക്സിയയുള്ളവരായിരുന്നു. ഇതൊരു രോഗമല്ല, അതുകൊണ്ട് ചികത്സിക്കാവുന്നതുമല്ല.

നിർമ്മലയുടെ പുതിയ നോവലിലെ - കരയിലെ മീനുകൾ-ലെ മുഖ്യകഥാപാത്രം മാത്തുക്കുട്ടി - മാത്യു - മാററ് ഡിസ്‌ലെക്സിയയുടെ പിടിയിൽപ്പെട്ടതാണ്.


നിർമ്മല

പഠന വൈകല്യമുള്ള, അക്ഷരങ്ങൾ വായിച്ചെടുക്കാൻ വളരെ വിഷമിക്കുന്ന മാത്തുക്കുട്ടിയെ കടിഞ്ഞൂൽ പൊട്ടനെന്നു വിളിച്ച് പരിഹസിക്കുകയും, ചെറിയ തെറ്റുകൾക്കുപോലും ചാച്ചൻ ക്രൂരമായി ശിക്ഷിക്കുകയും ചെയ്തിരുന്നു.

എല്ലാവരാലും പരിഹാസിതനായിരുന്നു മാത്തുക്കുട്ടിയുടെ ബാല്യകാലം. സ്കൂളിൽ നിന്നും വീട്ടിൽ വന്നുകഴിഞ്ഞാൽ പിന്നെ മണ്ടനായ മാത്തുക്കുട്ടിയെ മിടുക്കനാക്കാനുള്ള ചാച്ചന്റെ തീവ്രപഠിപ്പീരിന്റെ ചൂരൽ കഷായം മുറയ്ക്ക് എന്നും കിട്ടും. അനുജനും, അനുജത്തിയും പഠിപ്പിൽ വലിയ മിടുക്കരും. അവരുംകൂടും മാത്തുക്കുട്ടിയെ മുറിവേൽപ്പിക്കാൻ. പൊട്ടനായി, കഴുതയായി വീട്ടുകാരും കൂട്ടുകാരും മാത്യുവനെ മുദ്രകുത്തി. കരുണ കാണിച്ചത് അമ്മയും, പേരപ്പന്റെ മകൾ ഇന്ദിരയും മാത്രമാണ്.

അവഗണയും, കളിയാക്കലും, അവജ്ഞയും സഹിച്ചുമടുത്ത മാത്തുക്കുട്ടി അമേരിക്കയിലെ ന്യൂയോർക്കിൽ എത്തുന്നു.

മാത്തുക്കുട്ടി - മാറ്റിന്റെ മിടുക്ക് കണ്ടറിഞ്ഞ യഹൂദനായ ലാൻഡ്‌ലോർഡ് ഒരു വിമാന റിപ്പെയർ കമ്പനിയിൽ മെക്കാനിക്കായി ജോലികിട്ടുവാൻ സഹായിക്കുന്നു.

തുടർന്ന് തങ്കമണിയുമായുള്ള വിവാഹം. തന്റെ ചാച്ചന്റെ പ്രതിരൂപമായ തങ്കമണിയുമായുള്ള കുടുംബ ജീവിതം എന്നും പൊരുത്തക്കേടുകൾ നിറഞ്ഞതായിരുന്നു. എന്തുചെയ്താലും കുറ്റപ്പെടുത്തലും, ഉപദേശ ശരങ്ങളും മാത്രം. ഇതു കണ്ടുശീലിച്ച മക്കളും നോവിക്കാൻ കൂടെ കൂടും.

മദ്യത്തിന്റെ ആസക്തിയിലേക്ക് വഴുതിവീഴുന്ന മാത്യു അതിന്റെ അടിമയായി ത്തീരുന്നു. കുടുംബബന്ധങ്ങളിലുള്ള വിള്ളൽ കൂടിക്കൂടി വന്നു,

മാസ്റ്റർ ബെഡ്‌റൂമിൽ നിന്നും ബേസ്മെന്റിന്റെ സ്വതന്ത്രലോകത്തിലേക്ക് മാത്യുവിന്റെ കിടപ്പും ഉറക്കവും മാറുന്നു.

മദ്യാസക്തിയുടെ പാരമ്യത്തിൽ കുറ്റബോധവും അപകർഷതാബോധവും വേട്ടയാടിയിട്ട്, ഭൂമിയിൽനിന്നും സ്വയം യാത്രയാകാനുള്ള അടങ്ങാത്ത ത്വര കൂടുതൽ കൂടുതൽ മാത്യുവിനെ അലട്ടിക്കൊണ്ടിരുന്നു.

പാലാ ഭാഷയിൽ മാത്യു തന്റെ കഥ പറയുന്നു. പാലായിൽ തുടങ്ങി പാലായിൽ തീരുന്ന കഥാരചന രീതി. എളുപ്പം വായിച്ചു പോകാൻ കഴിയുന്ന രചനയുടെ പ്രത്യേകത.

കരയിലെ മീനുകൾ - വടക്കേ അമേരിക്കൻ പ്രവാസ നോവൽ മാത്രമല്ല, ഇത് സാർവ്വലൗകീകമായ മനുഷ്യകഥയാണ്. വിശാലമായ ക്യാൻവാസിൽ വരച്ചിട്ടിരിക്കുന്ന ഒരു ചിത്രം.

മാത്തുക്കുട്ടിയും തങ്കമണിയും മക്കളും കുടുംബാഗങ്ങളും ഭൂമിയിലെ ഏതുകോണിലേയും കുടുംബങ്ങളിലെ കഥാപാത്രങ്ങളാകാം. ഇതാണ് ഈ നോവലിന്റെ ഒരു പ്രത്യേകത. മനുഷ്യബന്ധങ്ങളുടെ പരപ്പും, സങ്കർഷങ്ങളും, ആഴവും വളരെ സൂഷ്മമായി നിരീക്ഷിച്ച്, അത് വായനക്കാരിലേക്ക് പകർന്നുതരാൻ നിർമ്മലക്ക് സാധിച്ചിട്ടുണ്ട്.

ഡിസ്‌ലെക്സിയപോലുള്ള വൈകല്യങ്ങളുള്ള കുഞ്ഞുങ്ങളെ സഹാനുഭൂതിയോടെ, കരുണയോടെ, വാൽസല്യത്തോടെ കുടുംബവും സമൂഹവും കരുതണമെന്നും അതല്ലെങ്കിൽ അവർ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി പിന്നീട് കൊലയാളികളാകുകയോ, മാനസീകരോഗികളാകുകയോ, സ്വയം ജീവിതം അവസാനിപ്പിക്കുകയൊ ചെയ്യുമെന്ന ശക്തമായ ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ നോവൽ.

നോവലിന്റെ വായന പുരോഗമിച്ചപ്പോൾ എന്റെ സ്കൂൾ ദിനങ്ങളിലെ നൊമ്പരപ്പെടുത്തുന്ന ചില ഓർമ്മകൾ കണ്ണുകളെ ഈറനണിയിച്ചു.

മലയാള പാഠങ്ങൾ വായിക്കാനാകാതെ ചൂരലിനെ പേടിച്ചുവിറച്ചു നിൽക്കുന്ന ഒരു പാവം സതീർത്ഥന്റെ ചിത്രം. ചൂരലിന്റെ ദാക്ഷ്യണ്യം ഇല്ലാത്ത തലോടലിൽ ധാരധാരയായി ഒഴുകിയിരുന്ന കണ്ണീർ. ഒരു അദ്ധ്യാപകന്റെ സാഡിസ്റ്റിക് ശിക്ഷണരീതി. ഇത് മിക്കവാറും ദിവസങ്ങളിൽ തുടർന്നുകൊണ്ടിരുന്നു. ഒട്ടും സഹിക്കൻ കഴിയാതെ ഒരു ദിവസം ഈ അദ്ധ്യാപകനോട് ഞാൻ പ്രതികരിച്ചു. സ്കൂളിൽ അതൊരു വലിയ കോളിളക്കമായി. കുറ്റവിചാരണ കഴിഞ്ഞ് പ്രധാന അദ്ധ്യാപകൻ സ്കൂൾ അസംബ്ലിയിൽ വെച്ച് എന്നെ ശിക്ഷിക്കുന്നതിലേക്ക് കാര്യങ്ങളെത്തി. കുറച്ചു വർഷങ്ങൾ കഴിഞ്ഞ് ഈ കൂട്ടുകാരന്റെ ആത്മഹത്യയാണ് വേദനയോടെ കേട്ടത്. അന്നൊന്നും ഡിസ്‌ലെക്സിയയുടെ പിടിയിലുള്ള വിദ്യാർത്ഥികളെ തിരിച്ചറിയാൻ നമ്മുടെ നാട്ടിൽ സൗകര്യമില്ലായിരുന്നല്ലോ.

നോവലിൽ നിന്ന്

രാവിലെ ഉണർന്നിട്ടും എഴുന്നേൽക്കാൻ മടിച്ച് കിടക്കയിൽ കുറച്ചു നേരം കിടന്നു.

ചെറുപ്പത്തിൽ മുതിർന്നവരെ ഭയപ്പെട്ടിരുന്നതു പോലെ ഇപ്പോൾ ഞാൻ തങ്കമണിയെയും മക്കളെയും ഭയപ്പെടുന്നു.

എപ്പോഴാണു് പിടിക്കപ്പെടാൻ പോകന്നതെന്നും എങ്ങനെയായിരിക്കും ശിക്ഷിക്കപ്പെടാൻ പോകുന്നതെന്നുമുള്ള ആധി എന്നെ കീഴടക്കി

പല്ലുതേപ്പും കുളിയും കഴിഞ്ഞ് സാവധാനത്തിൽ കോണി കയറി അടുക്കളയിലേക്കു പോയി.

സ്കൂളിലേക്ക് നടക്കുന്ന കുട്ടിയെപ്പോലെ.

സ്കൂളിലേക്ക് നടക്കുമ്പോൾ എന്റെ കാലുകൾക്ക് വേഗത കുറയും.

നെഞ്ചിടിപ്പു കൂടും. വീട്ടിൽനിന്നു തന്നെ പരാതികൾ എന്റെ നേരെ വരും.

'രാവിലെ എഴുന്നേറ്റ് ചൊടിയിട്ടു വേണ്ടേ പള്ളിക്കൂടത്തി പോവാൻ.

ഇതേതാണ്ട് അറക്കാൻ കൊണ്ടു,പോവുന്നപോലാണല്ലോ അവന്റെ മട്ടും മതിരീം .'

' കണ്ടില്ലേ കൂനിപ്പിടിച്ച് അവന്റെ നടപ്പ്! നേരെ നടക്കാമ്മേല്ലെടേ?'

വഴിയിൽവെച്ച് പൗലോസ് സാർ എന്റെ തലയുടെ പിന്നിൽ ആഞ്ഞൊന്നു കുഴക്കം.

അപ്പോൾ പുറം ഒന്നുകൂടി കൂടും.

അങ്ങനെ നടക്കുമ്പോൾ ഒരു കാറോ ലോറിയോ വന്നിട്ടിക്കുന്നതും ചോരയൊലിപ്പിച്ച് ആശുപത്രിയിൽ കിടക്കുന്നതും സ്വപ്നം കണ്ടിട്ടുണ്ട്.

............

ഞാൻ സ്വപ്നം കണ്ടതൊന്നും സംഭവിച്ചില്ല. ഓർക്കാതിരിക്കാൻ ശ്രമിച്ചതു മാത്രമാണ് സംഭവിച്ചത്. ഞാനൊരു മണ്ടനായിപ്പോയല്ലോ!

എന്നും കൂടുതൽ കൂടുതൽ അടികൊള്ളുന്നതും എല്ലാവരും കളിയാക്കുന്നതും ക്ലാസ്സിനു പുറത്തും ബെഞ്ചിനു മുകളിലും നിൽക്കുന്നതും,

പരീക്ഷകൾക്കെല്ലാം തോൽക്കുന്നതും എപ്പോഴും ഒറ്റയ്ക്ക് നടക്കുന്നതും സ്വപ്നം കണ്ടാൽ മതിയായിരുന്നു.

അതൊന്നും സംഭവിക്കില്ലായിരുന്നു. ഇത്രകാലവും ജീവിച്ചിട്ടും ആ തത്ത്വം മനസ്സിലാകാതെ പോയത് കഷ്ടമാണ്!

നാലു മണിക്ക് സ്കൂളുവിടുന്ന സമയത്ത് നെഞ്ച് സന്തോഷംകൊണ്ടു തുളുമ്പി നിറയും. സ്കൂളിൽനിന്നും മുന്നും പിന്നും നോക്കാതെ ഞാൻ വീട്ടിലേക്കോടും.

****

മാതൃഭൂമി ബുക്സ് - വില 300 രൂപ


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# മാർക്കോ സിനിമയും
## കുട്ടികളെ വഴിതെറ്റിക്കുന്ന
# അതിഭീകര വയലൻസും




emalayalee.com

**എ.എസ് ശ്രീകുമാർ**

ലോകത്ത് ആക്ഷൻ സിനിമകൾക്കിടയിൽ സ്വന്തമായി ഫോളോവേഴ്സിനെ സൃഷ്ടിച്ച ചലച്ചിത്ര പരമ്പരയായ ജോൺ വിക്ക് മോഡലിൽ എടുത്ത ഉണ്ണി മുകുന്ദൻ സിനിമയായ 'മാർകോ' അതിഭീകരമായ വയലൻസിന്റെ പേരിൽ വിമർശിക്കപ്പെടുകയാണ്. ഇന്ത്യയിലെ ''മോസ്റ്റ് വയലന്റ് ഫിലിം'' എന്ന ടാഗ് ലൈനോടെ റിലീസ് ചെയ്ത ചിത്രം ഭൂരിഭാഗം പേരു കണ്ടുകഴിഞ്ഞതിനാൽ ഇനി അതിന്റെ പിറകെ പോകുന്നതിൽ അർത്ഥമില്ല. എന്നാൽ ഓർത്തഡോക്സ് സഭാധ്യക്ഷൻ മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പറഞ്ഞത്, സിനിമയുടെ സാറ്റലൈറ്റ് പ്രദർശനത്തിന് അനുമതി നിഷേധിച്ച സെൻസർ ബോർഡ് തീരുമാനം വൈകി വന്ന വിവേകമെന്നാണ്.

''ചിത്രം ഭൂരിപക്ഷം പേരും കണ്ടുകഴിഞ്ഞു. തീയറ്ററിലെ റിലീസിന് ശേഷം ചിത്രം ഒ.ടി.ടി പ്ലാറ്റ്ഫോമിലുമെത്തി. ടി.വിയിലൂടെയും മൊബൈൽ സ്ക്രീനിലൂടെയും ബഹുഭൂരിപക്ഷവും സിനിമ കണ്ടുകഴിഞ്ഞു. സിനിമയുടെ റിലീസിന് മുൻപ് കർശന നിലപാട് സ്വീകരിക്കണമായിരുന്നു. അങ്ങനെയെങ്കിൽ വയലൻസ് രംഗങ്ങളിൽ ചിലതെങ്കിലും ഒഴിവാക്കാൻ സാധിക്കുമായിരുന്നു. തക്ക സമയത്ത് ഇടപെടൽ നടത്താതെ ഇപ്പോൾ നിലപാടെടുക്കുന്നതിൽ എന്ത് പ്രസക്തിയാണുള്ളത്...'' കാതോലിക്കാ ബാവാ ചോദിക്കുന്നു.

ഈ ചോദ്യത്തിന് ബന്ധട്ടവരുടെ ഭാഗത്തുനിന്ന് മറുപടിയുണ്ടാകുമെന്ന് തോന്നുന്നില്ല. സമീപ കാലത്ത് സ്കൂൾ കുട്ടികൾ ഉൾപ്പെടുന്ന ഗുരുതര കുറ്റകൃത്യങ്ങൾ അനിയന്ത്രിതമായി വർധിച്ചുവരുന്ന സാഹചര്യത്തിലാണ് മാർകോ പോലുള്ള സിനിമകളിലെ വയലൻസ് ചർച്ചയായത്. കുട്ടികളെയും യുവാക്കളെയും സിനിമയിലെ വയലൻസ് സ്വാധീക്കുന്നു എന്നായിരുന്നു വിമർശനം. കോഴിക്കോട് താമരശേരിയിൽ പ്രായപൂർത്തിയാവാത്ത ഷഹബാസിനെ കൊലപ്പെടുത്തിയവർ 18 വയസിൽ താഴെയുള്ളവരാണ്.

ഇതോടെ കുട്ടികളെ അക്രമങ്ങളിലേയ്ക്ക് തള്ളിവിടുന്നതിൽ വയലൻസ് സിനിമകൾക്കും വലിയ പങ്കുണ്ടെന്നും വയലൻസ് കുത്തിനിറച്ച് റിലീസ് ചെയ്യുന്ന സിനിമകൾക്ക് സെൻസർ ബോർഡ് പ്രദർശനാനുമതി നൽകരുതെന്നും അക്ഷേപമുയർന്നു.

കൊടും ക്രൂരതകൾ പച്ചയ്ക്ക് കാണിക്കുന്ന ചിത്രം 'എ' സർട്ടിഫിക്കറ്റോടെയാണ് തീയേറ്ററിലെത്തിയത്. തീയേറ്ററിൽ വൻ വിജയമായ ചിത്രം ഒ.ടി.ടിയിയും വാണിജ്യ വിജയം നേടി. വിവാദങ്ങളുയർന്നതിനെ തുടർന്ന് സെൻസർ ബോർഡ് മാർകോയുടെ സാറ്റലൈറ്റ് പ്രദർശനത്തിന് അനുമതി നിഷേധിച്ചു. ടി.വി ചാനലുകളിൽ സിനിമ പ്രദർശിപ്പിക്കുന്നതിനും വിലക്കുണ്ട്. 'എ' സർട്ടിഫിക്കറ്റുമായി പ്രദർശനാനുമതി നൽകിയതിനാലാണ് ഈ തീരുമാനമെന്ന് സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷന്റെ (സി.ബി.എഫ്.സി) പ്രാദേശിക ഓഫിസറായ ടി നദീം തുഫൈൽ പ്രതികരിച്ചു. ഒന്നല്ല ഒരുപാട് 'എ' സർട്ടിഫിക്കറ്റുകൾക്ക് മാർക്കോയ്ക്ക് അർഹതയുണ്ടെന്നാണ്

പടം കണ്ടവരുടെ പ്രതികരണം.

ചിത്രത്തിന് തീയേറ്റർ പ്രദർശനത്തിന് സർട്ടിഫിക്കറ്റ് നൽകരുതെന്നായിരുന്നു കേരളത്തിലെ കമ്മിറ്റിയുടെ തീരുമാനമെന്നും നദീം പറഞ്ഞു. സിനിമയിലെ രംഗങ്ങൾ പൂർണമായി മുറിച്ചുമാറ്റിയുള്ള സെൻസറിങ് ഇപ്പോൾ നിലവിലില്ല. 'എ' സർട്ടിഫിക്കറ്റുള്ള സിനിമ 18 വയസിൽ താഴെയുള്ളവരെ കാണാൻ അനുവദിക്കുന്നത് നിയമവിരുദ്ധമാണ്. പരാതി ലഭിച്ചാൽ തീയറ്ററിൽ നിന്ന് 10,000 രൂപ വരെ പിഴ ഈടാക്കാമെന്നും നദീം വ്യക്തമാക്കുന്നു.

കഴിഞ്ഞ ദിവസമാണ്, മാർക്കോ ടിവിയിൽ സംപ്രേഷണം ചെയ്യുന്നത് സി.ബി.എഫ്.സി തടഞ്ഞത്. യു അല്ലെങ്കിൽ യു/എ കാറ്റഗറിയിലേക്ക് മാറ്റാൻ പറ്റാത്ത തരത്തിൽ വയലൻസ് സിനിമയിൽ ഉണ്ടെന്നാണ് സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷന്റെ വിലയിരുത്തൽ. ചാനലിൽ ഇനി സിനിമയ്ക്ക് പ്രദർശനാനുമതി ലഭിക്കണമെങ്കിൽ വയലൻസ് ഉള്ള ഭാഗം നീക്കം ചെയ്യണമെന്ന് സി.ബി.എഫ്.സി നിർദേശിച്ചിട്ടുണ്ട്.

ഓരോ നിമിഷത്തിലും എത്ര അധികം വയലൻസ് കാണിക്കാമെന്ന പരീക്ഷണമാണ് മാർകോയുടെ രചയിതാവും സംവിധായകനുമായ ഹനീഫ് അദേനി നടത്തിയിരിക്കുന്നത്. മാർകോയുടെ ഫ്രെയിം ടു ഫ്രെയിം വയലൻലാണ്. സ്വർണക്കള്ളക്കടത്തും ജ്വല്ലറി ബിസിനസും മാത്രമല്ല കൂട്ടത്തിൽ ചിലർ മയക്കുമരുന്ന് നിർമാണവും വിതരണവും കൂടി നടത്തുന്ന കോടികളുടെ സാമ്രാജ്യമാണ് ചിത്രത്തിന്റെ പശ്ചാത്തലം. അതിൽ കൊണ്ടും കൊടുക്കാനുമുള്ളത് പുറത്തു നിന്നുള്ള സംഘമല്ലെന്ന് മാത്രം. അകത്ത്, ഒന്നിച്ചു ബിസിനസ് ചെയ്യുന്നവർ തന്നെയാണ് പരസ്പരം എതിരാളികളായി വരുന്നതും ചോര വീഴ്ത്തുന്നതും.

നായകൻ മാർകോ സൂപ്പർ ഹീറോയാണ്. അത് കുട്ടികളെ കൊണ്ട് തുടക്കത്തിലേ പറയിക്കുന്നുണ്ട്. വൻ ഗുണ്ടാസംഘത്തെ ഒറ്റക്ക് എതിരിട്ട് ലക്ഷ്യത്തിലെത്തുന്ന നായകനെ 'സൂപ്പർ ഡ്യൂപ്പർ ഹീറോ' എന്നല്ലാതെ മറ്റെന്ത് വിശേഷിപ്പിക്കാൻ..? വളർത്തു പുത്രനായ മാർകോയുടെ മൂത്ത സഹോദരൻ ബിസിനസിൽ മാത്രമാണ് ശ്രദ്ധിക്കുന്നത്. ഇളയവനായ വില്ല്യമിനാകട്ടെ കണ്ണും കാണില്ല. ഇവരുടെ ഒറ്റപ്പെങ്ങൾ ആലീസിനും ഭർത്താവിനും കുടുംബ സ്വത്തുക്കൾ ഓഹരിവെക്കുന്നതിനെ കുറിച്ച് മാത്രമാണ് ചിന്ത.

ഇവർക്കെല്ലാമിടയിൽ കുടുംബത്തോട് വലിയ സ്നേഹവും അതിലേറെ കടപ്പാടും വെച്ചുപുലർത്തുന്നവനാണ് മാർകോ. തന്റെ കുടുംബത്തിൽ ആർക്കെങ്കിലും എന്തെങ്കിലും സംഭവിച്ചാൽ അത് ചോദിക്കാൻ അയാൾ മുന്നിട്ടിറങ്ങും. സിനിമയിൽ മാർകോ എത്ര പേരെ കൊലപ്പെടുത്തിയെന്ന് ചോദിച്ചാൽ നമ്മൾ പഠിച്ച മാത്തമാറ്റിക്സ് പോരാതെ വരും. അക്രമം എങ്ങനെയെല്ലാം കാണിക്കാമോ അതെല്ലാം സംവിധായകൻ കൺട്രോള് വിട്ട് ചെയ്തിട്ടുണ്ട്. കേരളത്തിൽ എത്ര ഗുണ്ടകളും ക്രിമിനലുകളുമുണ്ടെന്നും അവർക്കെത്ര ലിറ്റർ രക്തമുണ്ടെന്നും ഈ സിനിമ കാണിച്ചു തരുന്നുമുണ്ട്. ഇതു കണ്ട് പിള്ളേര് വഴിപിഴച്ച് പോയില്ലെങ്കിലേ അത്ഭുതമുള്ളൂ.

സൂപ്പർ ഡ്യൂപ്പർ നായകനാണ് മാർകോ എങ്കിലും അയാൾ കുടുംബത്തിന് ഏറ്റവും ആവശ്യം വന്ന ഒരു സന്ദർഭത്തിൽ നിസ്സഹായനായിപ്പോയി എന്നു മാത്രമല്ല, ഒന്നിനും കൊള്ളാത്തവനുമായി മാറിപ്പോയതാണ് കഷ്ടം. ഭീകരമായ സിനിമയിൽ ലോജിക്കിന് എന്തു പ്രസക്തി, അല്ലേ. മാർകോയെ വട്ടപ്പൂജ്യമാക്കിയിട്ട് എന്തു നേടിയെന്ന ചോദ്യത്തിന് നിർമാതാവിന് ബോധോദയം ഉണ്ടായി എന്നുത്തരം.

മാർക്കോ പോലെ വയലൻസ് നിറഞ്ഞ സിനിമ ഇനി ചെയ്യില്ലെന്ന് നിർമാതാവ് ഷരീഫ് മുഹമ്മദ് പറഞ്ഞു. വയലൻസ് പ്രോത്സാഹിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ ചെയ്ത ചിത്രമല്ല മാർക്കോയെന്നും പ്രേക്ഷകർ സിനിമയെ സിനിമയായി കാണുമെന്നാണ് കരുതിയതെന്നും അദ്ദേഹം പറഞ്ഞു. അത്രയും സമാധാനം.



# ഫോമാ നേതൃത്വത്തിലേക്ക് മാത്യു വർഗീസ്– അനു സ്കറിയ ടീമിന് പിന്തുണയുമായി നേതാക്കൾ



ഫോമായുടെ 2026 –28 പ്രസിഡന്റായി മത്സരിക്കുന്ന മാത്യു വർഗീസും (ജോസ് -ഫ്ലോറിഡ) സെക്രട്ടറിയായി മത്സരിക്കുന്ന അനു സ്ക്കറിയയും (ഫിലാഡൽഫിയ) വിവിധ നഗരങ്ങളിലെ ഫോമാ പ്രവർത്തകരെ സന്ദർശിക്കുകയും ഒട്ടേറെ പരിപാടികളിൽ പങ്കെടുക്കുകയും ചെയ്തു.

മികച്ച പിന്തുണയാണ് തങ്ങൾക്ക് എല്ലായിടത്തും നിന്നും ലഭിച്ചതെന്നും അതിൽ അതീവ നന്ദിയുണ്ടെന്നും ഇരുവരും പറഞ്ഞു. ഇലക്ഷന് ഒന്നര വർഷമുള്ളതിനാൽ കർമ്മപരിപാടികളും മറ്റും പ്രഖ്യാപിച്ച് വലിയ തോതിലുള്ള പ്രചാരണം നടത്താൻ ഉദ്ദേശമില്ല. എന്നാൽ എല്ലാവരുമായുള്ള ബന്ധം തുടരും. സംഘടനക്ക് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നതിനെപ്പറ്റി ചർച്ചകൾ തുടരും.

എല്ലായിടത്തും ദേശീയ–പ്രാദേശിക നേതാക്കൾ എത്തുകയും തങ്ങളുടെ പിന്തുണ അറിയിക്കുകയും ചെയ്തു. മൂന്നു പതിറ്റാണ്ടിലേറെയായി മാത്യു വർഗീസുമായുള്ള ബന്ധം അവർ അനുസ്മരിച്ചു.നിരന്തരം ഓരോ സ്ഥാനങ്ങളിൽ അള്ളിപ്പിടിച്ചിരിക്കാതെ സംഘടനയിൽ അവിരാമായി പ്രവർത്തിച്ചു എന്നതും പൊതുരംഗത്തും മീഡിയയിലും നിറഞ്ഞു നിന്നതും പലരും ചൂണ്ടിക്കാട്ടി.

ചാരിറ്റി കാര്യത്തിൽ നാട്ടിലേക്ക് മാത്രമല്ല ഇവിടെയും ശ്രദ്ധപതിപ്പിക്കണമെന്നു പലരും നിർദേശിച്ചു. ഫോമയ്ക്ക് ഒരു ആസ്ഥാനം പണിയാൻ ഓരോ ഭരണ സമിതിയും ഒരു സംഖ്യ വീതം നീക്കി വയ്ക്കണമെന്നും നിർദേശം വന്നു.

മറുപടി പ്രസംഗത്തിൽ, ചെയ്യാവുന്നതേ പറയു എന്നും പറയുന്നത് ചെയ്തിരിക്കുമെന്നും മാത്യു വർഗീസ് ഉറപ്പു നൽകി. താൽക്കാലിക നേട്ടത്തിന് വേണ്ടി വാഗ്ദാനങ്ങൾ നൽകുന്ന രീതിയൊന്നും തനിക്കില്ല. സംഘടനക്ക് ആസ്ഥാനം നിർമ്മിക്കാൻ ഒരു സംഖ്യ തീർച്ചയായും തങ്ങൾ നീക്കി വയ്ക്കും.

സംഘടനയിൽ താൻ എന്നും സജീവമായി ഉണ്ടായിരുന്നു. 2004 ഇലക്ഷനിൽ നാഷണൽ ട്രെഷററായിരുന്നു. ഫോമാ രൂപം കൊണ്ടപ്പോൾ ബാലാരിഷ്ടതകൾ നേരിടാൻ മറ്റുള്ളവർക്കൊപ്പം കൈ കോർത്തു. പിന്നീട് പി.ആർ.ഓ ആയും മയാമി കൺവൻഷൻ ചെയർമാനായും പ്രവർത്തിച്ചു. ഫ്ലോറിഡയിൽ നിന്ന് ആനന്ദൻ നിരവേലും ജെയിംസ് ഇല്ലിക്കലും മത്സര രംഗത്ത് വന്നപ്പോൾ അവർക്കായി താൻ വഴി മാറുകയായിരുന്നു. ഇപ്പോൾ മത്സരിക്കാൻ സമയമായതായി കാണുന്നു. മികച്ച ഒരു പാനൽ ആണ് തനിക്കൊപ്പം രംഗത്തു വരുന്നത്.



ഇതിനിടെ ഏഷ്യാനെറ്റ് ഓപ്പറേഷൻസ് മാനേജരായും ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ നാഷണൽ പ്രസിഡന്ടായും സേവനമനുഷ്ഠിച്ചു. പ്രസ് ക്ലബ് ദേശീയ പ്രാധാന്യമുള്ള കൺവൻഷനുകൾ ഇവിടെയും നാട്ടിലും നടത്തി. സാമൂഹിക രംഗത്ത് താൻ സജീവമായി എന്നും ഉണ്ടായിരുന്നു എന്ന് ചൂണ്ടിക്കാട്ടാനാണ് ഇത് പറഞ്ഞത്-മാത്യു വർഗീസ് പറഞ്ഞു.

ഗ്രെയ്റ്റർ മലയാളി അസോസിയേഷൻ ഓഫ് ഫിലാഡഫിയയിലെ (മാപ്പ്) സജീവപ്രവർത്തകനായിരുന്ന പിതാവിൽ നിന്നാണ് സംഘടനാരംഗത്തേക്കുള്ള തുടക്കമെന്ന് അനു സ്കറിയ പറഞ്ഞു. സംഘടനാ പ്രവർത്തനം കഴിഞ്ഞ് പിതാവ് വൈകി വരുന്നതിൽ ആദ്യകാലത്ത് തനിക്ക് നീരസമായിരുന്നു. പിന്നീട് സംഘടനയിൽ യുവജന തലത്തിൽ പ്രവർത്തിക്കാൻ മനസില്ലാമനസോടെയാണ് താൻ ഇറങ്ങിയത്. ആ ചിന്ത പിന്നീട് മാറി. അതിനു ശേഷം മാപ്പ് പ്രസിഡണ്ടായി. ഈ കാലത്തെല്ലാം മികച്ച പ്രവർത്തനം നടത്താനും യുവാക്കളെയും വനിതകളെയും സംഘടനയിലേക്കു കൊണ്ടുവരാനും കഴിഞ്ഞത് വലിയ നേട്ടമായി.

ഫോമായിലും യുവജനതയെ സംഘടിപ്പിക്കുവാൻ മുന്നോട്ടു കൊണ്ടുവരാനായി. കഴിഞ്ഞ തവണ ഇലക്ഷൻ കമ്മീഷണർ എന്ന നിലയിലും പ്രവർത്തിച്ചു.

യുവജനതയെ കൂടുതലായി സംഘടനയിൽ എത്തിക്കുക എന്നതായിരിക്കും തന്റെ ദൗത്യം- അനു സ്കറിയ പറഞ്ഞു.



















# ചതുരംഗക്കളങ്ങളിൽ ആവേശം വാനോളമുയർത്തി കേരള അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സി ചെസ്സ് ടൂർണമെന്റ്




ന്യൂ ജേഴ്സി : ആക്രമണവും പ്രത്യാക്രമണവും പ്രതിരോധവും തീർത്ത് ചെസ്സ് പ്രേമികൾ വാശിയോടെ പോരാടിയപ്പോൾ, കേരള അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സി സംഘടിപ്പിച്ച ചെസ്സ് ടൂർണമെന്റ് അഭൂതപൂർവ്വമായ വിജയമായി. സോമർസെറ്റ് സെഡർ ഹിൽ പ്രെപ്പ് സ്കൂളിൽ വച്ച് കഴിഞ്ഞ ശനിയാഴ്ച നടന്ന കാൻജ് ചെസ്സ് ടൂർണമെന്റിൽ വിവിധ വിഭാഗങ്ങളിൽ ആയി നൂറിലേറെ മത്സരാർത്ഥികൾ പങ്കെടുത്തു. തുടക്കക്കാരായ കുട്ടികൾ മുതൽ പ്രൊഫഷണൽസ് ആയ മത്സരാർഥികൾ വരെ മാറ്റുരച്ചപ്പോൾ മലയാളികൾക്ക് ചെസ്സിലുള്ള വൈഭവം പ്രകടമാകുന്ന വേദിയായി ടൂർണമെന്റ് മാറി. അസ്‌ലം ഹമീദിന്റെ നേതൃത്വത്തിൽ കാൻജ് സ്പോർട്സ് കമ്മിറ്റി അംഗങ്ങൾ ടൂർണമെന്റിനെ നയിച്ചപ്പോൾ ആർബിറ്റർ ആയ ജറാൾഡ് തികച്ചും തന്മയത്വത്തോടെ വിവാദരഹിതമായി മത്സരം നിയന്ത്രിച്ചു. വാശിയേറിയ പോരാട്ടത്തിൽ വിജയികൾ ആയവർ - ഛുലി (ങലി) ണശിിലൃ ടൗിലലവെ ഞൗിറമ്യമിഴമറൗ ഞൗിിലൃ ൗു അാലലി ജൗ ഹശസസമഹമസമവേ ഛുലി (ണീാലി) ണശിിലൃ അവിമ ഞൗവമാലറ ഞൗിിലൃ ൗു ഞൗയ്യ ങമിീഷ ഡിറലൃ 10 (ആീ്യ) ണശിിലൃ ഏമയ്യൃശലഹ ഖീലഹ ഞൗിിലൃ ൗു ഇവ്യൃശ ടലിവേശഹസൗാമ്യ ഡിറലൃ 10 (ഏശൃഹ) ണശിിലൃ ചശവമൃമ ഞമയശവേ ഞൗിിലൃ ൗു ടവശസമ ടവ്യമാ ഡിറലൃ 14 ണശിിലൃ അവെലൃ ഏലീൃഴ്യ ഞൗിിലൃ ൗു ഉമിശലഹ ഖീലുവ ഡിറലൃ 18 ണശിിലൃ ചമ്മിലലലവേ ഗൃശവിമ ഞൗിിലൃ ൗു ചലലൃമഷ ഢശഷമൃമി.

കാൻജ് സ്പോർട്സ് കമ്മിറ്റി നേതൃത്വം നൽകിയ ടൂർണമെന്റിൽ, കാൻജ് പ്രസിഡന്റ് സോഫിയ മാത്യു, സെക്രട്ടറി കുർഷിദ് ബഷീർ, ട്രഷറർ ജോർജി സാമുവൽ എന്നിവരും ജോയ് ആലുക്കാസിന്റെ പ്രതിനിധി ഫ്രാൻസി വർഗീസും മറ്റ് കാൻജ് എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്നു സമ്മാനദാനം നടത്തി. സംഘാടന മികവ് കൊണ്ടും മത്സരങ്ങളുടെ നിലവാരം കൊണ്ടും കാണികൾക്കും ഒരു പുത്തൻ അനുഭവം നൽകികൊണ്ടാണ് ടൂർണമെന്റ് കടന്നു പോയത്. കമ്മറ്റി അംഗങ്ങളായ വിജയ് നമ്പ്യാർ, ദയശ്യാം, കൃഷ്ണ പ്രസാദ്, നിധിൻ ജോയ് ആലപ്പാട്ട് , അനൂപ് മാത്യൂസ് രാജു, ജയകൃഷ്ണൻ എം മേനോൻ, ടോണി മാങ്ങൻ, രേഖ നായർ, സൂരജിത്. ട്രസ്റ്റീ ബോർഡ് മെമ്പർ ജോസഫ് ഇടിക്കുള, സജീഷ് കുമാർ, ജയൻ ജോസഫ് തുടങ്ങി വിവിധ മേഖലകളിൽ നിന്ന് അനേകം ആളുകളും സന്നിഹിതരായിരുന്നു,

വാർത്ത : കാൻജ് ന്യൂസ് ടീം.








EXIT


NEW JERSEY (KANJ)
www.kanj.org




KALYAN
JEWELLERS
NEW JERSEY
KALYAN
JEWELLERS
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# ഒരു നവീകരണത്തിന്റെ ആവശ്യം



**ലേഖനം**

**ജോൺ വേറ്റം**

ആധുനികജീവിതം നയിക്കുന്ന ജനങ്ങളിൽ ഒരു ഭാഗം, ഉപകാരപ്രദമായ ആശയങ്ങളും ദീർഘവീക്ഷണങ്ങളുമില്ലാതെ, അന്ധവിശ്വാസങ്ങളെയും അനാ ചാരങ്ങളെയും ആശ്രയിക്കുന്നു. ജനമൈത്രിക്ക് ആവശ്യമായ ആജ്ഞാശക്തി സ്വയം കൈവരുത്താനും, ലോകസമാധാനത്തിനുവേണ്ടി സംഘടിച്ചു പ്രവർ ത്തിക്കാനും അവർക്ക് സാധിക്കുന്നില്ല. അവരുടെ അവകാശങ്ങളും, ആവ ശ്യങ്ങളും, ഉദ്ദേശ്യങ്ങളും, വൈകാരിക ചിന്തകളും, സിദ്ധാന്തങ്ങളും മറ്റുള്ള വരുടേതിൽ നിന്നും വ്യത്യസ്ഥമാണ്. ഇവ ജന്മസിദ്ധമാണെന്നു അനുമാനമുണ്ടെങ്കിലും, കാലാനുസരണംഉണ്ടാകുന്നസാമൂഹികപുരോഗതിയും ജീവി തത്തിൽ പരിവർത്തനം വരുത്തുന്നില്ല. അക്കാരണത്താൽ, അവരുടെയും പ്രവർത്തനങ്ങൾ അക്രമാസക്തവും അരോചകവുമാകാറുണ്ട്.

ന്യായീകരിക്കാനാവാത്തവിധം യുക്തിവിരുദ്ധവും ഉൾക്കട്ടിയില്ലാത്തതു മായ സങ്കൽപങ്ങളിൽ നിന്നും ഉളവാകുന്നതാണ് അന്ധവിശ്വാസം. അതി ൻറെ വികലസന്തതികളാണ് ദുരാചാരങ്ങൾ. ഇവ രണ്ടും മനുഷ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നിലവിലുള്ള നിരവധി ആചാരങ്ങളെ വേർതിരിച്ചു നോക്കു മ്പോൾ, അവയിൽ അപരിഷ്കൃതവും, അപഹാസ്യവും, ദ്രോഹപരവും, മാരകവുമായ കർമ്മങ്ങൾ ഉണ്ടെന്നു കാണാം. ലോകമെമ്പാടുമുള്ള ജനസ മൂഹത്തിൽ, അക്രമികളും, അപരിഷ്കൃതരും, കൊടും കുറ്റവാളികളും, നിരക്ഷരരും, സ്വാർത്ഥജീവികളും ഉണ്ടെന്നു തിരിച്ചറിഞ്ഞിട്ടുണ്ട്. അന്ധവി ശ്വാസവും, ആത്മീയ ഉറവിൽനിന്നും ഒഴുകുന്ന ദൈവവിശ്വാസവും അസമ- വും സമാന്തരവുമാണെന്നു തിട്ടപ്പെടുത്തിയിട്ടുമുണ്ട്.

ആധിപത്യമതസംസ്കാരത്തിൽനിന്ന് അകന്നു ജീവിക്കുന്നവരും, ഏക ദൈവത്തിൽ വിശ്വസിക്കുന്നവരും, ബഹുദൈവങ്ങളെ ആരാധിക്കുന്നവരും, നിരീശ്വരവാദികളും, മതേതര ആത്മീയതയിലൂന്നിയ ജീവിതം നയിക്കുന്നവ രും ഇടകലരുന്ന ഈ ഭൂമിയിൽ, ദുരാചാരങ്ങളും ദ്രോഹപരമായ വിശ്വാസങ്ങളും പ്രചരിപ്പിക്കുന്നത് ന്യായീകരിക്കനാവില്ല എന്ന അഭിപ്രായമുണ്ട്..

യഥാർത്ഥ ദൈവവിശ്വാസികൾ, ധർമ്മാനുഭാവികളും, സമഭാവനയും സഹോദര സ്നേഹവും ഉള്ളവരാണ്. സ്വന്തം ജീവിത സുഖങ്ങൾ ഉപേക്ഷിച്ച് അഗതികൾക്കും രോഗികൾക്കും ആശ്രയമായി അപകടമേഖലകളിൽപ്പോലും അദ്ധ്വാനിക്കുന്നവരുമുണ്ട്. അന്ധവിശ്വാസി സമൂഹത്തിൽ ജനിച്ചുവളരുന്നവ രിൽ സഹോദരസ്നേഹം കുറവാണെന്നും, ദുഷിപ്പുകളും ദുഷ്ടസ്വഭാവങ്ങ ളും കൊണ്ടുനടക്കുന്നവരുണ്ടെന്നും, മന:ശാസ്തജ്ഞാന്മാർ പറഞ്ഞിട്ടുണ്ട്. അത് തെറ്റാണെന്നും തങ്ങളുടെ വിശ്വാസത്തിനു സാംസ്കാരികമായി അടി- സ്ഥാനമുണ്ടെന്നും യുക്തിസഹമായി തെളിയിക്കാൻ അന്ധവിശ്വാസികൾക്ക് സാധിച്ചിട്ടുമില്ല.

ചരിത്രാതീതകാലം മുതൽ, അന്ധവിശ്വാസികളുടെ ആരാധനകർമ്മങ്ങൾ, അതി

ക്രൂരവും ഭയാനകവും ബീഭത്സവുമായിരുന്നു. ഉദാഹരണത്തിന്: ദേവപ്രീതിക്കുവേണ്ടി നടപ്പാക്കിയ ആചാരവും, ആരാധനയുടെ ഭാഗവുമാക്കിയ, ജുഗുപ്സാവഹമായ ''നരബലി''യുടെ ചരിത്രസ്മാരകങ്ങൾ, പല രാജ്യങ്ങളിലും, വിനോദസഞ്ചാരികളെ ആകർഷിക്കുന്നു. ഇക്കാലത്തും, രക്തദാഹികളായ സങ്കല്പദൈവങ്ങളെ കുടിപ്പിക്കാൻ, ലക്ഷോപലക്ഷം സാധുമൃഗങ്ങളുടെ തല വെട്ടി, രക്തപ്പുഴയുണ്ടാക്കുന്ന ദാരുണകർമ്മം, ആണ്ടുതോറും ആഘോഷത്തോടെ ആവർത്തിക്കുന്നുണ്ട്.

മാതൃകാപരമായ, സാമൂഹിക സാംസ്കാരിക വ്യവസ്ഥകൾ അംഗീ കരിക്കുന്ന പെരുമാറ്റങ്ങളും, പ്രയോഗങ്ങളും, ധാർമ്മിക സിദ്ധാന്താങ്ങളും, അന്ധവിശ്വാസികളുടെ ജീവിതശൈലിയിൽ കാണപ്പെടുന്നില്ല. നിയമരാഹിത്യത്തിൻറെ യുഗങ്ങൾ താണ്ടിവന്ന ഈ വിശ്വാസത്തെ അവർ വിശേഷിപ്പിക്കുന്നത്, നന്മനിറഞ്ഞ ആത്മികസിദ്ധാന്തമെന്നാണ്. ദുരാചാരങ്ങൾക്കുവേണ്ടി, നേരും നിർമ്മലതയും ന്യായവും മറിച്ചുകളയുന്നത്, സുരക്ഷിതത്വത്തിനു വേണ്ടിയുള്ള, ബോധപൂർവ്വമായ നടപടിയാണെന്നും കരുതപ്പെടുന്നു.

അന്ധവിശ്വാസികൾ, നിഗൂഢതകൾ സൂക്ഷിക്കുന്നുവെന്നും, ശിക്ഷാർഹമായ അപൂർവ്വ സംഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. എന്നിട്ടും, തങ്ങളുടെ ആചാര കർമ്മങ്ങളുടെ അർത്ഥവും ഉദ്ദേശവും അനുചിതമെന്ന് അവർ സമ്മതിക്കു ന്നില്ല. വ്യാജവശങ്ങളുണ്ടെങ്കിലും, ജാതകം അഥവാ ഗ്രഹനിലക്കുറിപ്പ്, ജ്യോതിഷം, മുഖലക്ഷണം, ഹസ്തരേഖാശാത്രം എന്നിവ അനാചാരങ്ങളായി കാണുന്നവർ ഏറെയില്ല. ആകാശനക്ഷത്രങ്ങൾ മനുഷ്യരാശിയുടെ ഭാവി നിശ്ചയിക്കുന്നുവെന്ന് ഭൂരിപക്ഷജനം വിശ്വസിക്കുന്നില്ല. എന്നാലും, മതങ്ങളും നക്ഷത്രങ്ങളും തമ്മിലുള്ള ബന്ധം പുരാതനമെന്നു പുരാണങ്ങളും, യഹൂദ ക്രൈസ്തവ മുഹമ്മദീയ മതഗ്രന്ഥങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. സമകാലിക മതങ്ങളും, ജ്യോതിശാസ്ത്രത്തിൻറെ സ്വാധീനം നിഷേധിക്കുന്നില്ല.

അഗ്നിപർവ്വതസ്പോടനങ്ങൾ, ഇടിമിന്നലുകൾ, ഉഷ്ണതരംഗം, കാട്ടുതീ, ജലപ്രളയം, ഭൂകമ്പം, ഹിമപാതം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ദൈവി- കശിക്ഷയാണെന്ന് കരുതുന്നവരും, അവ ഒഴിഞ്ഞുപോകുന്നതിനു മന്ത്രവാദ കർമ്മങ്ങൾ ചെയ്യുന്നവരും, വഴിപാടുകൾ നൽകുന്നവരും ഉണ്ട്. എന്നാൽ, പ്രകൃതിലോകത്ത് ഉണ്ടാകുന്ന സ്വാഭാവിക സംഭവങ്ങൾക്ക് വിവിധങ്ങളായ സങ്കീർണ്ണഘടകങ്ങൾ, അഥവാ അന്തരീക്ഷാവസ്ഥ, കാലാവസ്ഥാവ്യതിയാനം, ഭൂമിശാസ്ത്രപരമായ പ്രവർത്തനങ്ങൾ, സമുദ്രപ്രവാഹങ്ങൾ എന്നിവയാണ് ഹേതുവാകുന്നതെന്ന്, ഭൂമിശാസ്ത്രം, കാലാവസ്ഥാശാസ്ത്രം, സമുദ്രശാസ്ത്രം എന്നിവ വിശദീകരിച്ചിട്ടുണ്ട്.

അജ്ഞതയും, അശ്രദ്ധയും, കീഴടക്കാൻ കഴിയാത്ത മാനസികദൗർബല്യങ്ങളും ജനങ്ങളെ അന്ധവിശ്വസികളാക്കാറുണ്ടത്രേ. യാഥാർഥ്യങ്ങളെയും, ശാസ്ത്രസിദ്ധാന്തങ്ങളെയും ആംഗീകരിക്കാത്തതാണ് മറ്റൊരു കരണം.

ദൈവം പരിശുദ്ധനും അതിവിശുദ്ധസ്ഥാനത്ത് വസിക്കുന്നവനുമെന്നു വിശ്വസിച്ചു ആരാധിക്കുന്നവർ, ആ പരാശക്തിയെ എല്ലാടവും വ്യാപിച്ചു കിടക്കുന്നവൻ അഥവാ ''സർവ്വവ്യാപി''യെന്നു വിശേഷിപ്പിച്ചിട്ടുണ്ട്. ആ പ്രസ്താവം ശരിയാകണമെങ്കിൽ, ഭൂമിയിലുള്ള സർവ്വതും വിശുദ്ധമായിരിക്കണമല്ലോ. ഭൂമിക്കുള്ളിൽ ആന്തരികമാലിന്യങ്ങളും, ദുർഗ്ഗന്ധവും മാരക രോഗങ്ങളും ഉളവാക്കുന്ന അഴുക്ക് സാധനങ്ങൾ ഭൂമുഖത്തും നിറഞ്ഞുകിട ക്കുന്നുണ്ട്. മരിച്ചാൽ, സകല ജീവികളും, മനുഷ്യരും മാലിന്യങ്ങളായി മാറുന്നു. ഈ മാറ്റമില്ലാത്ത വാസ്തവം നിലനിൽക്കെ, ശാസ്ത്രയുഗത്തിനു മുമ്പ് എഴുതി വച്ചതും, പിന്നീട്, അനവധി ഭാഷകളിലൂടെ കടന്നുവന്നതും കൃത്യതയില്ലാത്തതുമായ വിവർത്തനഗ്രന്ഥങ്ങളും, അന്ധവിശ്വാസങ്ങളിലേ ക്കും, അനാചാരങ്ങ ലിലേക്കുമുള്ള ചവിട്ടുപടികളായിട്ടുണ്ട്.

പാശ്ചാത്യ പൗരസ്ത്യ രാജ്യങ്ങളിലുള്ള അനവധി ആചാരങ്ങളും പാര മ്പര്യങ്ങളും എങ്ങനെ ഉണ്ടായെന്നും, അവയുടെ ഉള്ളടക്കം എന്തെന്നും അന്വേഷിക്കുന്നവർക്ക് കിട്ടുന്നത്, കാലഹരണപ്പെട്ട, കുറെ കെട്ടുകഥകളാണ്.

പ്രകാശത്തിൻറെ സ്വഭാവികമായ ആവാസവ്യവസ്ഥയും, ഇരുട്ടിൻറെ പ്രതികാത്മകതയും സംബന്ധിച്ച്, മതങ്ങൾക്കുള്ള നിലപാടുകളെന്തെന്ന് മന- സ്സിലാക്കേണ്ടതാണ്. പ്രകാശത്തെ ദൈവമായിട്ട് ശാസ്ത്രം അംഗീകരിക്കു ന്നില്ല. എന്നാൽ, വെളിച്ചത്തിൽ ദൈവസാനിദ്ധ്യമുണ്ടെന്നും, വെളിച്ചം ദൈവ- മാണെന്നും മിക്ക മതഗ്രന്ഥങ്ങളും സിദ്ധാന്തിക്കുന്നു. അതുകൊണ്ട്, ആരാധന കളിലും, സമൂഹിക സാംസ്കാരിക സംഘടനകളുടെയും മറ്റും സുപ്രധാന ചടങ്ങുകളുടെ തുടക്കമായിട്ടും ''വിളക്കിൻ തിരി'' കൊളുത്താറുണ്ട്.

( ആധുനികതയുടെ ആചാരമായി ത്തീർന്ന, ജന്മദിന ആഘോഷവേളയിലും ''കേക്ക് മുറിക്കൽ'' ചടങ്ങുണ്ടല്ലോ, കേക്കിന്മേൽ കൊളുത്തിവയ്ക്കുന്ന മെഴുകുതിരി, കേക്ക് മുറിക്കുന്നതിനു മുമ്പ്തന്നെ, ''ജന്മദിന വ്യക്തി,'' ഊതി കെടുത്തുന്നു. ഈ കർമ്മത്തിൽ വ്യക്തമാകുന്ന യുക്തിഭംഗം, വിശ്വാസപ്രകാ രമുള്ള, ദൈവസാനിദ്ധ്യത്തെ ഒഴിവാക്കുന്നു എന്നതാണ്. തിരി കെടുത്താതെ മാറ്റിവച്ചാൽ, ഈ പാകപ്പിഴ പരിഹരിക്കാം. )

ജ്ഞാനം, നന്മ, പ്രത്യാശ, പ്രബുദ്ധത, വിശുദ്ധി എന്നീ ഗുണങ്ങൾ വെളിച്ചത്തെയും; അജ്ഞത, തിന്മ, ദുഷ്ടത, നാശം, നിഗൂഢത, ഭയം, എന്നീ ദോഷങ്ങൾ അന്ധകാരത്തെയും സൂചിപ്പിക്കുന്നുവത്രേ.

സകലമനുഷ്യരും ദൈവസൃഷ്ടിയാണെന്നു ഭൂരിപക്ഷമതങ്ങൾ പഠിപ്പി ക്കുന്നു! എന്നിട്ടും, എല്ലാവരും സഹോദങ്ങളാണെന്നു പ്രസ്തുത മതങ്ങളും, സഭകളും ആംഗീകരിക്കുന്നില്ല. ഈ നിരർത്ഥകവും, വിചിത്രവും, പരിഹാ സ്യവും, നിർണ്ണായകവുമായ പ്രവണതയിൽ നിന്നും, നമ്മൾ എന്താണ് മന സ്സിലാക്കുന്നത്? ഇതിന് ഒരു പരിവർത്തനം ഉണ്ടാകണമെന്നല്ലേ? ഇപ്പോഴും, ലോകവ്യാപകമായി കാണപ്പെടുന്ന അസ്സമാധാനത്തിൻറെ ലജ്ജാകരമായ കാര ണം ഭിന്നതയാണ്. അതിന് ജീവൻ നൽകുന്നത്, സത്യസന്ധമായ സാഹോദ ര്യത്തെ അംഗീകരിക്കാത്ത ഉറച്ച നിലപാടുതന്നെയാണ്.

ജാതി മതവ്യത്യാസങ്ങൾ സ്ഥാപിച്ചതു മതങ്ങളല്ലെന്നും, പിന്നയോ ഉന്നതസ്ഥാനീയരുടെ വ്യക്തിതാൽപര്യങ്ങളാണെന്നും അഭിപ്രായങ്ങൾ. ഉൾക്കാഴ്ചകൾ ഇല്ലാത്ത ആഗോളഅന്ധവിശ്വാസികൾ, അരുന്തുദമായ അനാചാരങ്ങളിലൂടെ സ്വാർത്ഥപ്രചോദനം നൽകി സ്ഥാപിച്ചതാണ്, സാഹോദര്യത്തിനെതിരായ മാരകവിഭാഗീയത. കലഹങ്ങളും രക്തച്ചൊരിച്ചിലും അതിനെ ശക്തിപ്പെടുത്തുന്നു. അധികാരങ്ങളും ഉന്നതസ്ഥാനങ്ങളും നിലനി ർത്തുന്നതിന്, ഇപ്രകാരമുള്ള വ്യാജനടപടികളും നാടകീയഭാവങ്ങളും ആവശ്യമെന്നും കരുതപ്പെടുന്നു.

വാർത്താവിനിമയ സംവിധാനരംഗത്ത് അത്ഭുതവികാസങ്ങൾ സൃഷ്ടിച്ചത്, അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളുമല്ല. ശാസ്ത്രമാണ്! അന്വേഷണങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കും, വിദൂരസ്ഥാനങ്ങളിൽ വാർത്തകൾ എത്തിക്കുന്നതിനും, ഇപ്പോൾ ഉപയോഗിക്കുന്നത്, നേർവരയിൽ സഞ്ചരി- ക്കുന്ന, സൂക്ഷ്മങ്ങളായ പ്രകാശകിരണങ്ങളാണ്. കല്ലും, കോലും, ചവണയും, പന്തവും വില്ലുമൊക്കെ ഉപയോഗിച്ചുനടത്തിയ അതിപുരാതന യുദ്ധങ്ങളുടെ മങ്ങിയ ചിത്രങ്ങൾ, ഭൂതകാല ചരിത്രങ്ങളുടെ ഏടുകളിൽ ശ്രദ്ധിക്കപ്പെടാതെ കിടക്കുന്നു.

വിശ്വാസങ്ങൾ എന്തുതന്നെയായാലും, ഭാവിനന്മക്ക് സഹായിക്കുന്നത് ആധുനിക ശാസ്ത്രമാണെന്ന സത്യം മസ്സിലാക്കി, ജീവിതത്തെ സുഖദമാക്കു ന്നവർ വർദ്ധിച്ചിട്ടുണ്ട്. ഭൗതികജീവിതം ജ്ഞാനത്താൽ മഹത്തരവും, സമാ ധാനത്താൽ സമ്പുഷ്ടവും, നിസ്വാർത്ഥ സ്നേഹത്താൽ മധുരമാക്കുന്നതിനും, സർവ്വജനത്തിൻറെയും ഏകോപനത്തിനും സാംസ്കാരികമായ നവീകരണം ആവശ്യമാണ്!

emalayalee.com


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and
experience a host of incredible benefits.
Maximum Loan Value
Get the best
loan value
for your gold
Quick Loan Approval
Fast processing to
get you your funds
immediately
Easy Documentation
Hassle-free paperwork
for a seamless loan
experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# ഓറഞ്ച്ബർഗ് സെയിന്റ് ജോൺസ് പള്ളിയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് മികച്ച തുടക്കം



**ഉമ്മൻ കാപ്പിൽ**

ഓറഞ്ച്ബർഗ് (ന്യൂയോർക്ക്): മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിൻറെ ഏറ്റം മികച്ച ആത്മീയ സമ്മേളനമായ ഫാമിലി & യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷൻ ഓറഞ്ച്ബർഗ് സെയിന്റ് ജോൺസ് പള്ളിയിൽ മാർച്ച് 2 ഞായറാഴ്ച ആരംഭിച്ചു. കോൺഫറൻസ് കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന ഒരു സംഘം അന്നേദിവസം സെയിന്റ് ജോൺസ് പള്ളി സന്ദർശിച്ചു. വികാരി ഫാ. എബി പൗലോസിന്റെ നേതൃത്വത്തിൽ നടന്ന കുർബാനയ്ക്ക് ശേഷം, ഫാമിലി & യൂത്ത് കോൺഫറൻസിനായി ഒരു കിക്കോഫ് മീറ്റിംഗ് ഉണ്ടായിരുന്നു.

കോൺഫറൻസ് കമ്മിറ്റി അംഗങ്ങളെ ഫാ. എബി പൗലോസ് ഊഷ്മളമായി സ്വാഗതം ചെയ്തു. ഇടവകാംഗവും 2025-ലെ ഫാമിലി കോൺഫറൻസ് കമ്മിറ്റി അംഗവും മുൻ ഭദ്രാസന കൗൺസിൽ അംഗവുമായ അജിത് വട്ടശ്ശേരിൽ കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തി.

മുൻ ഭദ്രാസന കൗൺസിൽ അംഗവും മുൻ കോൺഫറൻസ് ഫിനാൻസ് മാനേജരുമായ സജി പോത്തൻ കോൺഫറൻസിനെപ്പറ്റി ഒരു ആമുഖം നൽകുകയും ഭദ്രാസനത്തിന്റെ ഏറ്റവും വലിയ ആത്മീയ ശുശ്രൂഷയെ പിന്തുണയ്ക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ചുള്ള ഒരു അവലോകനവും അദ്ദേഹം നൽകി.

കോൺഫറൻസ് സെക്രട്ടറി ജെയ്സൺ തോമസ്, കോൺഫറൻസിൻറെ തീം, സ്ഥലം, തീയതി, രജിസ്ട്രേഷൻ എന്നിവ വിശദീകരിച്ചു. എല്ലാ അംഗങ്ങളും കോൺഫറൻസ് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാനും പങ്കാളിത്തം ഉറപ്പാക്കാനും ജെയ്സൺ അഭ്യർത്ഥിച്ചു.

ഫിനാൻസ് കമ്മിറ്റി അംഗം റിംഗിൾ ബിജു സുവനീറിന്റെയും വിനോദ പരിപാടികളുടെയും വിശദാംശങ്ങൾ നൽകി.

കോൺഫറൻസിന് വേണ്ടി ഇടവകയിൽ നിന്നുള്ള ഒരു സംഭാവന ട്രസ്റ്റി ജോൺ പി. മാത്യു കോൺഫറൻസ് ടീമിന് കൈമാറി. നിരവധി അംഗങ്ങൾ ആശംസകളും രജിസ്ട്രേഷനുകളും നൽകി പിന്തുണ വാഗ്ദാനം ചെയ്തു.

മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി അംഗം കെ.ജി. ഉമ്മൻ, ഭദ്രാസന അസംബ്ലി അംഗവും ജോയിന്റ് ട്രസ്റ്റിയുമായ ഫിലിപ്പ് ഈശോ, ജോയിന്റ് സെക്രട്ടറി സാജൻ രാജു, ഭദ്രാസന കൗൺസിൽ അംഗവും ഇടവക സെക്രട്ടറിയുമായ ബിജോ തോമസ് എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്റ്റിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്

സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ- നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു''(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'ഠവല ണമ്യ ീള വേല ജശഹഴൃശാ' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

രജിസ്ട്രേഷനും വിശദാംശങ്ങൾക്കും ംംം.ള്യരിലമറ.ീൃഴ സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914-806-4595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917.612.8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ) (ഫോൺ: 917.533.3566) എന്നിവരുമായി ബന്ധപ്പെടുക.





















# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!


LAWSON travel
Explore
THE WORLD
WITH US
PLAN YOUR VACATIONS NOW!
214-631-2458
www.LawsonTravel.com

# ബാലാവകാശ സംരക്ഷണ നിയമം, കുട്ടികൾക്ക് എന്തും ചെയ്യാനുള്ള ലൈസൻസാവരുത്




**എ.എസ് ശ്രീകുമാർ**

ഒരു രാഷ്ട്രത്തിന്റെ സമ്പത്താണ് കുട്ടികൾ. അതിനാൽത്തന്നെ 'ബാലാവകാശങ്ങൾ'എന്ന പേരിൽ അവരുടെ സംരക്ഷണവും അന്തസ്സും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. 18 വയസ്സ് പൂർത്തിയാകാത്ത ഏതൊരാളിനേയും കുട്ടിയായി പരിഗണിക്കുന്നു. എന്നാൽ സമീപകാലത്ത് കേരളത്തിലുണ്ടായ കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങളിൽ പ്രായപൂർത്തിയാവാത്ത, അഥവാ 18 വയസ് തികയാത്ത കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ട്. കോഴിക്കോട്ട് താമരശേരിയിൽ പതോതാം ക്ലാസ് വിദ്യാർത്ഥിയായ ഷഹബാസിനെ തലയ്ക്കടിച്ചുകൊന്നവർ 18 വയസിൽ താഴെയുള്ളവരാണ്.

എന്നാൽ 18 വയസ്സിൽ താഴെയുള്ളവരെ കുട്ടികളായും അവർ ചെയ്യുന്ന കുറ്റകൃത്യം ബാലനീതി നിയമത്തിന്റെ പരിധിയിലുമാണ് നിയമപരമായി ഇന്ത്യയിൽ വിവക്ഷിച്ചിട്ടുള്ളത്. ഹീനമായ കുറ്റകൃത്യത്തിൽ പ്രതികൾക്കു പ്രായത്തിന്റെ പരിരക്ഷ നൽകേണ്ടതുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പ്രായം പരിഗണിച്ച് ശിക്ഷയുടെ കാഠിന്യം കുറയ്ക്കുന്നത് അനീതിയാകില്ലേ എന്ന് നിയമനീതിന്യായ സംവിധാനവും സമൂഹവും ആലോചിക്കേണ്ട അവസ്ഥയിലേയ്ക്ക് കുട്ടികളുടെ കുറ്റവാസന വളർന്നിട്ടുണ്ട്.

ബാലാവകാശത്തിലെ വ്യവസ്ഥകൾ കുട്ടികൾ ചെയ്യുന്ന കൊടിയ കുറ്റകൃത്യങ്ങൾക്ക് കുടപിടിക്കുന്നതാണെന്ന ആക്ഷേപം ചില കോണുകളിൽ നിന്ന് ഉയർന്നിട്ടുണ്ട്. കുട്ടികൾക്ക് ക്രിമിനൽ കുറ്റം ചെയ്യാനേ കഴിയില്ല എന്നൊരു ചിന്തയിലാണ് നിയമനിർമാണം നടത്തിയതെന്നും ഇത് സമീപകാല സംഭവങ്ങളുടെ പശ്ചാത്തലത്തിലെങ്കിലും പൊളിച്ചെഴുതേണ്ടതാണെന്നുമുള്ള അഭിപ്രായങ്ങൾ ശക്തിയാർജിച്ചിട്ടുണ്ട്.

രാജ്യം ഉറപ്പുനൽകുന്ന ബാലാവകാശങ്ങൾ ഇവയാണ്...

* അതിജീവനത്തിനും സംരക്ഷണത്തിനും പൂർണവികാസത്തിനുമുള്ള അവകാശം.

* മാനസികവും ശാരീരികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം.

* പങ്കാളിത്വത്തിനുള്ള അവകാശം.

* ബാലവേലയിൽ ആപൽക്കരമായ ജോലികളിൽ നിന്നുമുള്ള സംരക്ഷണം.

* 18 വയസ്സ് തികയാത്ത പെൺകുട്ടികൾക്കും 21 വയസ്സ് തികയാത്ത ആൺകുട്ടികൾക്കും ശൈശവ വികാഹത്തിനെതിരെയുള്ള സംരക്ഷണം.

*സ്വന്തം സംസ്കാരം അറിയുന്നതിനും അതിനനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം.

* അവഗണനക്കെതിരെയുള്ള സംരക്ഷണം.

* സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം.

* കളിക്കാനും പഠിക്കാനുമുള്ള അവകാശം.

**താമരശേരിയിൽ ഷഹബാസിനെ കൊലപ്പെടുത്തിയ കുട്ടിക്രിമിനലുകളുടെ വാട്ട്സ് ആപ്പ് ചാറ്റിൽ പ്രതികൾ പറയുന്നത് "കൂട്ടത്തല്ലിൽ ഒരാൾ മരിച്ചാലും വലിയ വിഷയോന്നുമില്ല. കേസെടുക്കില്ല...കേസ് തള്ളിപ്പോകും...കാരണം ഓനല്ലേ ഇങ്ങോട്ടുവന്നത്..." എന്നാണ്. ആൾക്കൂട്ട ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടാൽ നിയമത്തിന്റെ പഴുതു ലഭിക്കുമെന്ന് ഇവർ വല്ലാതെ തെറ്റിദ്ധരിച്ചിരിക്കുന്നുവെന്ന് ഈ ചാറ്റ് വ്യക്തമാക്കുന്നു. ഒരാളെ കൊന്നാൽ അതൊരു കുറ്റമായി അവർ കണക്കാക്കുന്നില്ല. 18 വയസ്സിൽ താഴെയുള്ളവരിൽ നല്ലൊരു ശതമാനവും കുറ്റകൃത്യത്തിലേർപ്പെടുന്നത് അതുകൊണ്ടാണ്.**

* മതസ്വാതന്ത്യത്തിനുള്ള മുള്ള അവകാശം.

* സ്വകാര്യത സംരക്ഷിക്കുന്നതിനുള്ള അവകാശം.

* സന്തുഷ്ടമായതും സംരക്ഷണം നൽകുന്നതുമായ കുടുംബാന്തരീക്ഷത്തിൽ ജീവിക്കുവാനുമുള്ള അവകാശം.

* നിയമലംഘനം നിങ്ങളാൽ സംഭവിച്ചുപോയാൽ, പോലീസ് സ്റ്റേഷനുകളിലും ജയിലുകളിലും പാർപ്പിക്കപ്പെടാതിരിക്കാനും ജുവനൈൽ ജസ്റ്റിസ് ബോർഡുമുമ്പാകെ പ്രത്യേക വിചാരണയ്ക്കും പെരുവിവരങ്ങൾ വെളിപ്പെടുത്താതിരിക്കാനുമുള്ള അവകാശം.

* കുട്ടികളുമായി ബന്ധപ്പെട്ട ലൈംഗീക കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപെട്ടാൽ ഭയരഹിതമായ പോലീസിനെയും അധികാരികളെയും അറിയിക്കാനുള്ള സ്വാതന്ത്ര്യം.

***

താമരശേരിയിൽ ഷഹബാസിനെ കൊലപ്പെടുത്തിയ കുട്ടിക്രിമിനലുകളുടെ വാട്ട്സ് ആപ്പ് ചാറ്റിൽ പ്രതികൾ പറയുന്നത് ''കൂട്ടത്തല്ലിൽ ഒരാൾ മരിച്ചാലും വലിയ വിഷയോന്നുമില്ല. കേസെടുക്കില്ല...കേസ് തള്ളിപ്പോകും...കാരണം ഓനല്ലേ ഇങ്ങോട്ടുവന്നത്...'' എന്നാണ്. ആൾക്കൂട്ട ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടാൽ നിയമത്തിന്റെ പഴുതു ലഭിക്കുമെന്ന് ഇവർ വല്ലാതെ തെറ്റിദ്ധരിച്ചിരിക്കുന്നുവെന്ന് ഈ ചാറ്റ് വ്യക്തമാക്കുന്നു. ഒരാളെ കൊന്നാൽ അതൊരു കുറ്റമായി അവർ കണക്കാക്കുന്നില്ല. 18 വയസ്സിൽ താഴെയുള്ളവരിൽ നല്ലൊരു ശതമാനവും കുറ്റകൃത്യത്തിലേർപ്പെടുന്നത് അതുകൊണ്ടാണ്.

എന്നാൽ, നിയമത്തെപ്പറ്റിയുള്ള അജ്ഞത ശിക്ഷയിൽ നിന്ന് രക്ഷപ്പെടാനുള്ള എളുപ്പ വഴിയല്ല. ഈ സാഹചര്യത്തിൽ മാതാപിതാക്കൾ ഉൾപ്പെടെയുള്ള കുടുംബാംഗങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും പൊലീസും ജനപ്രതിനിധികളും സന്നദ്ധ സംഘടനകളുമെല്ലാം ചേർന്ന് കുട്ടികളിൽ നിയമാവബോധം സൃഷ്ടിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. നിയമബോധവും നിയമം അനുസരിക്കുന്നവരുമായി കുട്ടികൾ വളരണം. നിയമം അറിയുന്ന കുട്ടികളെ സൃഷ്ടിക്കാൻ കേരളത്തിൽ 'സ്റ്റുഡന്റ് പൊലീസ് കെഡറ്റ് പദ്ധതി'ക്കു തുടക്കമിട്ടത് നല്ലൊരു ചുവടുവയ്പ്പായിരുന്നു. കുട്ടികളുടെ നിയമലംഘനം സൃഷ്ടിക്കുന്ന ഭവിഷ്യത്തുകളെക്കുറിച്ചുള്ള ബോധവൽക്കരണം ഹൈസ്കൂൾ ക്ലാസുകളിലെ സിലബസിൽ ഉൾപ്പെടുത്തണമെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്.



കുട്ടികളായാൽ എന്തും ചെയ്യാമെന്നും കുറ്റകൃത്യം നടത്തിയാലും ഒന്നും സംഭവിക്കില്ലെന്നുമുള്ള ധാരണ പൊതുവെയുണ്ട്. 2015-ലെ ബാലനീതി നിയമമനുസരിച്ച് നിയമലംഘകരായ കുട്ടികളെ പൊലീസിനോ ചൈൽഡ് വെൽഫെയർ ഓഫീസർക്കോ കസ്റ്റഡിയിലെടുത്തു ബന്ധപ്പെട്ട ബോർഡ് മുൻപാകെ ഹാജരാക്കാം. 12-ാം വകുപ്പ് പ്രകാരം പ്രത്യേക സാഹചര്യങ്ങളിൽ ജാമ്യം നിഷേധിക്കപ്പെടാം. 16 വയസ്സ് തികഞ്ഞ കുട്ടികൾ ഗൗരവമായ കുറ്റം ചെയ്താൽ മൂന്ന് വർഷം വരെ പ്രത്യേക കെയർ ഹോമുകളിൽ അടയ്ക്കാം. ചില കുട്ടികളെ മുതിർന്നവരെന്ന നിലയിൽ പരിഗണിച്ചു വിചാരണ ചെയ്യാനും വ്യവസ്ഥയുണ്ട്. വധശിക്ഷയോ ജീവപര്യന്തം തടവോ കുട്ടികൾക്കു വിധിക്കാൻ പാടില്ലെന്നു നിയമം പറയുന്നുണ്ടെങ്കിലും മറ്റു ശിക്ഷകളാകാം.

കുട്ടികളെ അക്രമങ്ങളിലേയ്ക്ക് തള്ളിവിടുന്നതിൽ വയലൻസ് സിനിമകൾക്കും മയക്കുമരുന്നിനും വലിയ പങ്കുണ്ട്. ഭവിഷ്യത്തുകൾ മുൻകൂട്ടി മനസിലാക്കാതെ എന്തും ഏതും അനുകരിക്കാനുള്ള മാനസികാവസ്ഥ കൗമാര-യൗവനങ്ങളിലുണ്ട്. വയലൻസ് കുത്തിനിറച്ച് റിലീസ് ചെയ്യുന്ന സിനിമകൾക്ക് സെൽസർ ബോർഡ് പ്രദർശനാനുമതി നൽകരുത്. രാസലഹരികളുടെ ചതിക്കുഴിയിൽ വീഴുന്നവരിലേറെയും കൗമാരക്കാരാണ്. ലഹരി തലച്ചോറിൽ ഉണ്ടാക്കുന്ന പെട്ടെന്നുള്ള ജൈവ മാറ്റങ്ങളാണ് വീണ്ടുവിചാരമില്ലാതെ അക്രമം നടത്താൻ അവരെ പ്രേരിപ്പിക്കുന്നത്. സർക്കാരും ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങളും അടിയന്തമായി ഇക്കാര്യത്തിൽ ഇടപെട്ട് ത് ചെയ്തില്ലെങ്കിൽ ഒരു തലമുറയുടെ സർവനാശത്തിന് നാം സാക്ഷികളാവേണ്ടിവരും.


The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
ROKU
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung SMART TV
LG Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com

CELEBRATING 30 Yrs Service & Commitment

Blue Ocean
Wealth Solutions

A member of the MassMutual Financial Group



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

**Business Continuation Planning**
- Key Employee Insurance
- Business Overhead Insurance
- Disability Buyouts
- Buy-Sell Arrangements

**Retirement Planning**
- 401K Plans
- 403b Plans
- Simplified Employee Pensions (SEPs)
- Simple IRAs

**Employee Benefits Products**
- Short-term and Long-term Disability Insurance
- Health Insurance*

**Group Health insurance**
- Group Whole Life (Without Medicals)
- Group Disability & Group Dental Plans Insurance

## PERSONAL NEEDS


**Wealth Communication**
- Managed Investment Accounts
- Mutual Funds
- Exchange Traded Funds
- Fixed, Variable and Index Annuities
- Traditional and Roth IRAs
- Education Funding Strategies
- Retirement Planning

**Family Protection**
- Long-Term Care Insurance
- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Medicare Supplement & Advantage Plans*
- Medicare Part D*
- Home Owner's Insurance*
- Auto Insurance*
- Estate Conservation
- Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.


MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event

# മാർഡി ഗ്രാസും റോഡിയോയും കേരള റൈറ്റേഴ്സ് ഫോറം ഹൂസ്റ്റൺ ഒത്തുചേരലും




**ചെറിയാൻ മഠത്തിലേത്ത്**

ഹൂസ്റ്റൺ: നോമ്പുകാലം ആരംഭിക്കുന്നതിന് മുമ്പുള്ള 'മാർഡി ഗ്രാസ്' അഥവാ 'ഫാറ്റ് റ്റൂസ്ഡേ'യുടെ ഉൽസവ ലഹരിയിലായിരുന്നു നമ്മൾ. പൗരസ്ത്യ സുറിയാനി കത്തോലിക്കരുടെ 'പേതൃത്ത' ആഘോഷമാണ് റോമൻ കത്തോലിക്കർ ഉൾപ്പെടെയുള്ള പാശ്ചാത്യ ക്രൈസ്തവരുടെ മാർഡി ഗ്രാസ്. ജനുവരി 6-ന്റെ എപ്പിഫനി തിരുനാളിൽ തുടങ്ങി ആഴ്ചകളോ, ദിവസങ്ങളോ നീണ്ടുനിൽക്കുന്ന കാർണിവൽ ആഘോഷത്തിന്റെ സമാപനദിനമാണിത്. ഹൂസ്റ്റണിൽ നിന്ന് അരമണിക്കൂർ സമയം കൊണ്ട് സഞ്ചരിച്ചെത്തുന്ന ടൂറിസ്റ്റ് കേന്ദ്രമായ ഗാൽവസ്റ്റൺ ദ്വീപിലാണ് ഫാറ്റ് റ്റൂസ്ഡേയിലെ പ്രധാന പരേഡ് നടന്നത്.



അതുപോലെ തന്നെ മറ്റൊരു സുപ്രധാന ആഘോഷമാണ് 'വെസ്റ്റ് വെസ്റ്റേൺ റോഡിയോ' പരേഡ്. സൗത്ത് വെസ്റ്റ് യുണൈറ്റഡ് സ്റ്റേറ്റ്സിലെ കൗബോയ് സംസ്കാരം നിഴലിക്കുന്ന വർണശബളവും സംഗീതസാന്ദ്രവുമായ ഈ ഉൽസവം രണ്ടാഴ്ചയിലേറെ നീണ്ടുനിൽക്കും. ഉൽസവങ്ങളെല്ലാം



തന്നെ നമ്മുടെ സങ്കടങ്ങളും സമ്മർദങ്ങളും മറക്കാനുള്ള ഒത്തുചേരലുകളാണല്ലോ. വായനയുടെയും എഴുത്തിന്റെയും സ്വതന്ത്ര ചിന്തയുടെയും കേദാരവും മലയാള സാഹിത്യ സ്നേഹികളുടെ അമേരിക്കയിലെ പ്രഥമ മലയാളി കൂട്ടായ്മയുമായ, ഹൂസ്റ്റണിലെ കേരള റൈറ്റേഴ്സ് ഫോറത്തിന്റെ പ്രതിമാസ യോഗവും സാഹിത്യ കുതുകികളുടെ ഉൽസവമായി.



യോഗത്തിൽ അധ്യക്ഷത വഹിച്ച പബ്ളീഷിങ് കോ-ഓർഡിനേറ്റർ മാത്യു നെല്ലിക്കുന്ന് ഏവരെയും സ്വാഗതം ചെയ്തു. അന്തരിച്ച കമ്മ്യൂണിറ്റി ലീഡർ മാത്യു പന്നപ്പാറയ്ക്ക് യോഗം ആദരാഞ്ജലികളർപ്പിച്ചു. എ.സി ജോർജ്, കുര്യൻ മ്യാലിൽ എന്നിവർ അദ്ദേഹത്തെ അനുസ്മരിച്ചു. റൈറ്റേഴ്സ് ഫോറം സഫലമായ 35 സംവൽസരങ്ങൾ പിന്നിട്ട സാഹചര്യത്തിൽ ഒരു ചരിത്ര സമാഹാരം താമസിയാതെ പുറത്തിറക്കുമെന്നും എല്ലാവരുടെയും സഹകരണം ഇക്കാര്യത്തിലുണ്ടാവണമെന്നും മാത്യു നെല്ലിക്കുന്ന് പറഞ്ഞു. കേരള റൈറ്റേഴ്സ് ഫോറം നാളിതുവരെ 21 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.











തുടർന്ന് നടന്ന സാഹിത്യ സംവാദത്തിൽ ജോസഫ് നമ്പിമഠത്തിന്റെ 'നിസ്വനായ പക്ഷി' എന്ന കൃതിയെ പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോൺ മാത്യു സദസിന് പരിചയപ്പെടുത്തി. 19-ാം നൂറ്റാണ്ടിൽ യൂറോപ്പിലെ രാഷ്ട്രീയവും മതപരവും സാമൂഹികവും ശാസ്ത്രീയവും കലാ-സാംസ്കാരികപരവുമായ മുന്നേറ്റങ്ങൾ ലോകഗതിയെ മാറ്റിമറിക്കുന്നതായിരുന്നവെന്ന് അദ്ദേഹം പറഞ്ഞു. സഭയുടെ വളർച്ചയും അസ്തിത്വവാദവും ആധുനികതയും കമ്മ്യൂണിസവും ജനങ്ങളെ സ്വാധീനിച്ചു. ശാസ്ത്രീയ അറിവുകളുടെയും സാങ്കേതികവിദ്യയുടെയും പരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ മനുഷ്യന് തന്റെ ചുറ്റുപാടുകളെ നിർമ്മിക്കാനും മെച്ചപ്പെടുത്താനും മാറ്റിയെഴുതുവാനുമുള്ള വ്യക്തി ശക്തിയെ ഊന്നിപ്പറയുന്ന ചിന്താധാരയാണ് മോഡേണിസമെങ്കിൽ വർഗാധിഷ്ഠിത കമ്മ്യൂണിസം അതിനെ എതിർത്തുവെന്നതാണ് ചരിത്രം.

സ്വാതന്ത്ര്യത്തിനു വേണ്ടി മോഹിക്കുന്ന മനസ്സും അതിന്റെ പ്രതീകമായി പ്രകൃതിയോട് ചേർന്ന പക്ഷിയുമാണ് ചിത്രീകരിച്ചിരിക്കുന്നതെന്ന് എ.സി ജോർജ് അഭിപ്രായപ്പെട്ടു. നമ്പിമഠത്തിന്റെ രചനകൾ അമേരിക്കൻ മലയാളി സാഹിത്യവേദികളിൽ പരക്കെ ചർച്ചചെയ്യപ്പെടുന്നവയാണെന്ന് സുരേന്ദ്രൻ നായർ ചൂണ്ടിക്കാട്ടി. മനസ്സ് എന്ന പ്രതീകത്തിലൂടെ പ്രവാസികളുടെ ദുഃഖങ്ങളും കടന്നു വരുന്നുവെന്ന് ജോസഫ് തച്ചാറ പറഞ്ഞു. മനസ്സിന്റെ അനന്തമായ യാത്രയാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. സജി, മോട്ടി മാത്യു, കൊച്ചിൻ ഷാജി, ശ്രീമതി ഗ്രേസി നെല്ലിക്കുന്ന്, ശ്രീമതി ബോബി മാത്യു തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തു.

തുടർന്ന് ചർച്ചയ്ക്ക് എടുത്തത് ജോസഫ് തച്ചാറയുടെ 'ആ ഗൃഹം' എന്ന കഥയായിരുന്നു. പുരാണ പ്രതീകങ്ങളുടെ വെളിച്ചത്തിൽ എഴുതിയ ശക്തമായ ഒരു പ്രണയ കഥ. തീവ്രമായ പ്രണയത്തിന്റെയും തുടരുന്ന ലൈംഗികതയും ചിത്രീകരിക്കുന്ന ഈ കഥയുടെ സാമൂഹിക പ്രാധാന്യത്തെയും സദസ്യർ അഭിനന്ദിച്ചു. കേരള റൈറ്റേഴ്സ് ഫോറം സെക്രട്ടറി മോട്ടി മാത്യുവിന്റെ നന്ദി പ്രകാശനത്തോടെ യോഗനടപടികൾ പര്യവസാനിച്ചു. അടുത്ത മീറ്റിങ് ഈമാസം 29-ാം തീയതി ശനിയാഴ്ച നടക്കുമെന്ന് പ്രോഗ്രാം കോ-ഓർഡിനേറ്റർ അറിയിച്ചു.


Now baking
4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# ദേശീയപാത വികസനം മോദിയുടെ ഔദാര്യമല്ല; മുഖ്യമന്ത്രി പിണറായിയുടെ ഇച്ഛാശക്തിയുടെ വിജയം



ജോസ് കാടാപുറം

കേരളത്തിൽ ഓരോ വർഷവും ശരാശരി അഞ്ചുലക്ഷം പുതിയ വാഹനങ്ങൾ നിരത്തിൽ ഇറങ്ങുന്നുണ്ട്. വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുമ്പോഴും അതിനനുസൃതമായി ഗതാഗത സൗകര്യങ്ങൾ വികസിക്കാതെ വരുന്നത് വർദ്ധിച്ച റോഡ് അപകടങ്ങൾക്കും, സുരക്ഷാ പ്രശ്നങ്ങൾക്കും, അന്തരീക്ഷ മലിനീകരണത്തിനും ഇന്ധന നഷ്ടത്തിനും കാരണമാവുന്നുണ്ട് എന്നത് ഗുരുതരമായ പ്രശ്നമാണ്. വാഹനങ്ങളുടെ ബാഹുല്യം റോഡുകളിൽ വർദ്ധിച്ച് വരുമ്പോഴും അതിനു അനുസൃതമായി റോഡുകളുടെ വികസനം സാധ്യമായില്ലെങ്കിൽ വലിയ പ്രതിസന്ധികളാണ് കേരളത്തിൽ വരാനിരിക്കുന്നത്.

എൽഡിഎഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ സ്ഥലമേറ്റെടുക്കാനുള്ള എതിർപ്പുകൾ കാരണം ഉപേക്ഷിച്ച മട്ടിലായിരുന്നു സംസ്ഥാനത്തെ ദേശീയപാത വികസനം. പദ്ധതിയുടെ നടപടികളുമായി മുന്നോട് പോകാൻ കഴിയാതെ യുഡിഎഫ് സർക്കാർ പിന്തിരിഞ്ഞു നിന്നതും, പദ്ധതി ഇഴഞ്ഞു നീങ്ങുന്നതിനു കാരണമായി. പദ്ധതിയിൽ നിന്ന് പിന്മാറിയ തരത്തിലായിരുന്നു ദേശീയപാത അതോറിറ്റിയുടെ പ്രതികരണം.

എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ പ്രത്യേകമായി പരിഗണിച്ച പദ്ധതിയാണിത്. ദേശീയപാത 45 മീറ്ററായി വികസിപ്പിക്കണം എന്ന കാര്യത്തിൽ ദൃഢനിശ്ചയത്തോടെ പിണറായി സർക്കാർ മുന്നോട്ട് പോയി. അതോടൊപ്പം സ്ഥലവും വീടും നഷ്ടപ്പെടുന്നവർക്ക് മികച്ച നഷ്ടപരിഹാര - പുനരധിവാസ പാക്കേജ് ദേശീയപാത അതോറിയറ്റിയെ കൊണ്ട് അംഗീകരിപ്പിക്കുവാനും സർക്കാരിന് സാധിച്ചു. നിരന്തരമായ ഇടപെടലുകളിലൂടെയാണ് കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ സാധിച്ചത്.

രാഷ്ട്രീയ - ഉദ്യോഗസ്ഥ തലങ്ങളിൽ കേരളത്തിനോട് കാണിച്ച അവഗണനകളെ കാറ്റിൽ പറത്തി കൊണ്ടായിരുന്നു ഈ നേട്ടം. കേന്ദ്ര ദേശീയപാത അതോറിറ്റിയുമായി ചർച്ചകൾ നടത്തിയും, കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയുമായി നിരന്തര കൂടിക്കാഴ്ചകൾ നടത്തിയുമാണ് പദ്ധതിക്ക് ജീവൻ വെച്ചത്. ജനങ്ങളുടെ പൂർണ്ണ സഹകരണത്തോടെയാണ് പൊതുവിൽ എല്ലായിടത്തും പാതാവികസനം അതിവേഗത്തിൽ പുരോഗമിക്കുന്നത്. കാസർകോട് ജില്ലയിലെ



തലപ്പാടി മുതൽ തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം വരെ ദേശീയപാത 47 ഉം 17 വികസിപ്പിച്ചുള്ള പുതിയ നാലുവരിപ്പാതയാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്.

കേരളത്തിൽ ഒന്നും നടക്കില്ലെന്ന ധാരണ മാറ്റാനും വികസനരംഗത്തെ മുരടിപ്പ് ഒഴിവാക്കാനും എൽഡിഎഫ് ഭരണംകൊണ്ട് കഴിഞ്ഞിട്ടുണ്ടെന്നത് നാം കാണാതിരുന്നകൂടാ. പദ്ധതി യാഥാർഥ്യമാക്കാൻ ഭൂമി ഏറ്റെടുക്കൽ വലിയ വെല്ലുവിളി തന്നെയായിരുന്നു. എറണാകുളം, മലപ്പുറം, തൃശൂർ ജില്ലകളിൽ പ്രദേശവാസികളുടെ എതിർപ്പു മൂലം സ്ഥലം എടുപ്പ് നടന്നിരുന്നില്ല. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പലയിടങ്ങളിലും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം തന്നെ റദ്ദായി. തുടർന്ന് 2017 മെയ് മാസത്തോടെ ജനപ്രതിനിധികളെ കൂടി പങ്കാളികളാക്കി അലൈന്മെന്റുകളിലെ അവ്യക്തതകൾ പരിഹരിച്ച് സർവ്വേ നടപടികൾ തുടങ്ങാനുള്ള ഒരുക്കം പൂർത്തിയാക്കി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിജ്ഞാപനം തന്നെ റദ്ദാക്കേണ്ടി വന്ന സ്ഥിതിയിൽ നിന്ന് സർവ്വേ ഒരു മാസം കൊണ്ട് പൂർത്തീകരിച്ചതാണു സർക്കാരിന്റെ ധ്രുതഗതിയിലുള്ള നടപടികളുടെ മികച്ച ഉദാഹരണം. ഗ്രാമപഞ്ചായത്ത് തലത്തിൽ ഭൂവുടമകളെ വിളിച്ച് കൂട്ടി ചർച്ചകൾ നടത്തിയാണു ഓരോ പ്രദേശങ്ങളിലെയും സർവ്വേ നടപടികൾ എളുപ്പമാക്കിയത്. പ്രത്യേക ടീമിനെ തന്നെ രൂപീകരിച്ചു, ഏറ്റവും മികച്ച ഉദ്യോഗസ്ഥസംഘത്തെത്തന്നെ ഇതിനായി വിനിയോഗിച്ചു.

തെറ്റിദ്ധാരണകൾ പരത്തി ജനങ്ങളെ സർക്കാരിന് നേരെ തിരിച്ചു പദ്ധതിക്ക് തുരങ്കം വെക്കാനുള്ള ശ്രമങ്ങളിലൂടെ തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളും, കേന്ദ്ര ഏജൻസികളിൽ നിന്നുമെല്ലാം നിരന്തരമായ പ്രശ്നങ്ങൾ നേരിടേണ്ടി വന്നു.




ഏറ്റെടുക്കപ്പെടുന്ന ഭൂമിക്ക് 1956 ലെ നിയമമനുസരിച്ചുള്ള നഷ്ടപരിഹാരം മാത്രമേ കിട്ടൂ എന്ന നിക്ഷിപ്ത താൽപര്യക്കാരുടെ പ്രചരണങ്ങൾ തെറ്റാണെന്നും 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം ഉറപ്പാക്കുമെന്നും സർക്കാർ പറഞ്ഞു.

നഷ്ടപരിഹാരത്തുക അക്കൗണ്ടിൽ വന്നതിനു ശേഷം മാത്രമാണു ഭൂമി ഏറ്റെടുക്കൽ നടപടിയിലേക്ക് പ്രവേശിക്കുക, നിശ്ചയിച്ച നഷ്ടപരിഹാരത്തുക എൻഎച്ച് അതോറിറ്റിയിൽ നിന്ന് ഇരകൾക്ക് ലഭ്യമാക്കാൻ സർക്കാർ നേരിട്ട് ഇടപെടൽ നടത്തുക എന്ന സർക്കാർ തീരുമാനങ്ങൾ പദ്ധതിയുടെ വേഗത കൂട്ടി, ജനങ്ങൾക്ക് ഇത് ആത്മവിശ്വാസം പകർന്നു. സൂക്ഷ്മ തലങ്ങളിൽ പോലും സർക്കാരിന്റെ പ്രവർത്തനങ്ങൾ കടന്നു ചെന്നു.



സ്ഥലമേറ്റെടുപ്പ് നടപടികൾ ക്രിയാത്മകമായി മുന്നോട്ട് പോകുമ്പോഴാണ് പദ്ധതി നിർത്തി വെക്കാൻ ദേശീയ പാത അതോറിറ്റി തീരുമാനിക്കുന്നത്, സംസ്ഥാനവുമായി ഒരു ചർച്ചയും നടത്താതെയാണ് ഈ തീരുമാനമുണ്ടായത്. തുടർന്ന് കേരള സർക്കാരിന്റെ നിരന്തരമായ പോരാട്ടമായിരുന്നു പ്രകടമായത്. കേരളത്തിലെ ദേശീയ പാത വികസനം തടസപ്പെടുത്താൻ ബോധപൂർവ്വമായ ശ്രമങ്ങൾ അണിയറയിൽ നടന്നു, പ്രളയത്തിന്റെ പേരു പറഞ്ഞ് ദേശീയ പാത വികസനത്തിനുള്ള സ്ഥലമേറ്റെടുപ്പ് നിർത്തി വയ്ക്കണമെന്ന് ബിജെപി നേതാവ് ശ്രീധരൻ പിള്ള രഹസ്യമായി കേന്ദ്രത്തിനു കത്തെഴുതി. രണ്ട് വർഷത്തേക്ക് തുടർ നടപടികൾ നടത്താനാകാത്ത സ്ഥിതിയിലേക്ക് കാര്യങ്ങളെത്തിച്ച് ഇടതു ഭരണത്തിന് കീഴിൽ പദ്ധതി നടപ്പാക്കാൻ കഴിയാതെ വരുത്താൻ അവർ ആവുന്നതും ശ്രമിച്ചു. ശ്രീധരൻ പിള്ളയുടെ കത്ത് പുറത്തു വിട്ട് കേരളത്തിലെ ധനമന്ത്രി ഡോ തോമസ് ഐസക് കാര്യങ്ങൾ പുറത്തു കൊണ്ട് വന്നു. കോൺഗ്രസ്, മുസ്ലിംലീഗ്, ബിജെപി, വെൽഫയർ പാർട്ടി, എസ്ഡിപിഐ തുടങ്ങിയ രാഷ്ട്രീയ പാർട്ടികൾ സമരങ്ങളും പ്രതിഷേധവുമായി രംഗത്ത് വന്നു.

ഒരിഞ്ചു പോലും പുറകോട്ട് പോകാതെ സർക്കാർ മുന്നോട് തന്നെ കുതിച്ചു.

കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ അജണ്ടയാണ് ദേശീയ പാത വികസന പദ്ധതി നീണ്ടുപോകുന്നതിന് കാരണമായതെന്ന് വ്യക്തമാണ്. ബിജെപി ഭരണകക്ഷിയല്ലാത്ത കേരളം, കർണ്ണാടക സംസ്ഥാനങ്ങളെ മനപൂർവം പിന്തള്ളാനുള്ള നീക്കമായിരുന്നു ഇത്.







ലോക്സഭാ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് കേരളത്തിൽ എത്തിയ ബിജെപി അധ്യക്ഷൻ അമിത് ഷാ കേരളം വികസന പദ്ധതികൾക്ക് സ്ഥലം നൽകുന്നില്ല എന്ന് ആരോപിച്ചപ്പോൾ 80 ശതമാനത്തോളം ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടും കേരളത്തെ അവഗണിച്ചത് എന്തുകൊണ്ടായിരുന്നു എന്നതിന് ഉത്തരമില്ലായിരുന്നു.

കേരളത്തെയും കർണാടകയെയും രണ്ടാം മുൻഗണന പട്ടികയിൽ പെടുത്തി, രാഷ്ട്രീയ വൈര്യം തീർക്കാനായിരുന്നു കേന്ദ്ര സർക്കാർ താല്പര്യം. അതേസമയം കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി മാത്രം ദേശീയ പാത വികസനത്തിനായി കേരളം വേഗത്തിൽ സ്ഥലമെടുപ്പ് പൂർത്തിയാക്കുന്നതിനെ പ്രശംസിച് രംഗത്തു വന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയുടെ 25% കേരളം വഹിക്കാമെന്ന നിർദ്ദേശം മുന്നോട് വെച്ചതോടെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് അംഗീകരിക്കേണ്ടി വന്നു. എന്നാൽ ഇത് സംബന്ധിച്ചുള്ള ഉത്തരവുകൾ വരാതിരിക്കാൻ ഉദ്യോഗസ്ഥ രാഷ്ട്രീയ ഗൂഢാലോചനകൾ തകൃതിയായി നടന്നു.

മുഖ്യമന്ത്രി നാല് തവണ ഡൽഹിയിൽ പോയി കേന്ദ്ര ഗതാഗത മന്ത്രി ഗഡ്കരിയെ നേരിൽ കണ്ട് പ്രശ്നങ്ങൾ ധരിപ്പിച്ചു, ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തി ശാസിച്ചതും, മുഖ്യമന്ത്രി പിണറായി വിജയൻറെ ആത്മാർത്ഥതയെ കേന്ദ്ര മന്ത്രി പ്രശംസിച്ചതും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

കേരളത്തിന്റെ വികസന സ്വപ്നങ്ങളെ ചവറ്റുകൊട്ടയിൽ തള്ളാൻ ശ്രമിച്ച രാഷ്ട്രീയ ഉദ്യോഗസ്ഥ ലോബികൾക്കെതിരെ ശക്തമായ പോരാട്ടങ്ങൾ നടത്തിയാണ് ഈ പദ്ധതിയിപ്പോൾ യാഥാർഥ്യമാവാൻ പോകുന്നത്.

ആ സമയത്താണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സമ്മാനമാണെന്നും, മുഖ്യമന്ത്രി പദ്ധതിയുടെ ക്രെഡിറ്റ് അടിച്ചു മാറ്റുന്നുവെന്നുമുള്ള പ്രചാരണങ്ങൾ സംഘപരിവാർ പ്രൊഫൈലുകൾ തുറന്നു വിടുന്നത്.കേരളത്തിലെ കോൺഗ്രസ് കാരുടെ തള്ള് പിണറായി കേരളത്തെ കടത്തിലേക്കു തള്ളി വിട്ടു എന്നാണ് ഉമ്മെഞ്ചാണ്ടി കാലം മറച്ചു വച്ചിട്ടാണ് ഇത് പറയുന്നത് ഇന്ത്യ പോലുള്ള ഒരു അഴിമതി രാജ്യത്തു ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ് ചെയ്യാതെ ഡൊമെസ്റ്റിക് ബിസിനസ് പുരോഗതിയിൽ എത്തിക്കാൻ പറ്റില്ല ..മറ്റൊന്ന് സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കുറച്ചു കടം വാങ്ങിയതും എഫിഷ്യന്റ് ആയി ഉപയോഗിച്ചതും കേരളമാണ് ..DEBT -TO-GDP-RATIO ഏറ്റവും കുറവ് കേരളമാണ് ..മാത്രമല്ല റവന്യൂ വരുമാന ത്തിൽ 19422 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായി

. തനതു നികുതി വരുമാനത്തിൽ 9888 കോടി രൂപയുടെയും നികുതിയേതര

വരുമാനത്തിൽ 1240കോടി രൂപയുയുടെയും വർദ്ധനവ് 2026 ഉണ്ടാകും ..ഇതെല്ലം ചിട്ടയായ അഴിമതി ഇല്ലാത്ത ഭരണം കൊണ്ട് സാധ്യമായതാണു ഇത് കോൺഗ്രസ് സർകാരുകൾക്കു അസാദ്യമാണ്

എന്നാൽ ഇതിനെല്ലാം പിന്നിൽ പരസ്യങ്ങളോ മാധ്യമ പാദസേവകരോ ഇല്ലാതെ നവകേരള സൃഷ്ടിക്കായി പിണറായി വിജയനാണ് പുരോഗതിയുടെ ക്രെഡിറ്റ് ...ഗതാഗതരംഗത്ത് വൻ കുതിച്ചുചാട്ടം നടത്തിയ പിണറായി സർക്കാരിന്റെ കാലത്ത് നൂറു കണക്കിന് പുതിയ പാലങ്ങളും റോഡുകളും ആണ് നിർമ്മിച്ചിരിക്കുന്നത് . മലയോര പാത:** 1200 കി.മി മലയോര പാത.

തീരദേശ പാത 600 കി.മി തീരദേശ പാത.

കോഴിക്കോട്-ബത്തേരി 4 വരി പാത.

പാലക്കാട്-കോഴിക്കോട് 6 വരി പാത പണി തുടങ്ങുന്നു.

തിരുവനന്തപുരം ORR തിരുവനന്തപുരം ORR വരുന്നു.

കൊച്ചി ബൈപാസ് കരയാംപറമ്പ്-കുണ്ടന്നൂർ ബൈപാസ് വരുന്നു.

ചേർത്തല-വാളയാർ വീതിയേറിയ പാത നിലവിലുണ്ട്.

മൂന്നാർ-തേനി പൂർത്തിയായി.

- **കൊച്ചി-മൂന്നാർ, കൊല്ലം-തെങ്കാശി:** പുതിയ പാതകൾ വരുന്നു.

കോർപ്പറേഷനുകളിൽ 100-ൽ അധികം സ്മാർട്ട് റോഡുകൾ.

കൊയിലാണ്ടി-എടവണ്ണ പാത പുതിയ പാത.

3540 ഗ്രാമീണ റോഡുകൾ നിർമാണം ആരംഭിച്ചു.

എല്ലാ നഗരങ്ങൾക്കും ബൈപാസുകൾ ഒരുങ്ങുന്നു.

എല്ലാ ലെവൽ ക്രോസുകളിലും മേൽപ്പാലങ്ങൾ വരുന്നു.

600 ഓളം പാലങ്ങൾ പൂർത്തിയായി, 100 ഓളം പാലങ്ങൾ നിർമാണം പുരോഗമിക്കുന്നു.

ജലഗതാഗതം:**

ദേശീയ ജലപാത:** പുരോഗമിക്കുന്നു.

വിമാന ഗതാഗതം:**

എയർപോർട്ടുകൾ:** 4

എയർ കേരള കൊച്ചി ആസ്ഥാനമായി എയർ കേരള വരുന്നു.

ജലവിമാനം/ഹെലി ടൂറിസം വരുന്നു.

കൊച്ചി മെട്രോ കേരളത്തിന്റെ അഭിമാനം.

തിരുവനന്തപുരം, കോഴിക്കോട് നിയോ മെട്രോ ഉടൻ വരും.

കൊച്ചി വാട്ടർ മെട്രോ രാജ്യത്തിന്റെ അഭിമാനം.

കൊച്ചി പോർട്ട്, വിഴിഞ്ഞം പോർട്ട് പ്രധാന തുറമുഖങ്ങൾ.

കേരളം പോലെ ജനസാന്ദ്രതയേറിയ ഭൂമിക്ക് വില കൂടിയ സ്ഥലത്ത് 6 വരി പാത പറ്റില്ല എന്നാണ് നമ്മൾ ധരിച്ചു വെച്ചിരുന്നത്. അന്ന് പറ്റില്ല എന്ന് പറഞ്ഞിടത്താണ് ഇന്ന് ഇവ എല്ലാം വരുന്നത് പാലങ്ങൾ നിർമ്മിക്കുമ്പോൾ അവയെല്ലാം നല്ല ദൃശ്യവിരുന്ന് ഒരുക്കുകയും കൂടി ചെയ്യുന്നുണ്ട് എന്നതാണ് ഇപ്പോഴത്തെ പ്രത്യേകത.മലയോര ഹൈവേ : ആശയം മുമ്പേ ഉള്ളതാണ്.. ഭൂമി ഏറ്റെടുക്കാൻ കഴിയാതെ ഉമ്മൻചാണ്ടി ഉപേക്ഷിച്ച പദ്ധതിയാണ്.. പിണറായി സർക്കാർ പൂർണ്ണമായും കിഫ്ബിയുടെ പണം ഉപയോഗിച്ചാണ് നടപ്പാക്കിയത്.രാജ്യത്തെ മികച്ച ഭരണമുള്ള സംസ്ഥാനം എന്ന ബഹുമതിക്ക് കേരളം അർഹമായതോടെ കോൺഗ്രസ് നേതാക്കളായ ഡോക്ടർ ശശി തരൂർ കടന്നപ്പിള്ളി രാമചന്ദ്രൻ എന്നിവർ കേരളം മൂന്നാം തവണയും ഇടതു ഭരണ ഉണ്ടാകുമെന്നു ഈ അടുത്ത ദിവസം പറയുകയുണ്ടായി .. ഐ എസ് ആർ ഒ മുൻ മേധാവി ഡോക്ടർ കസ്തൂരി രംഗൻ അധ്യക്ഷനായ സമിതിയാണ് കേരളത്തെ തെരെഞ്ഞെടുത്തത് തുല്യ നീതി ,വളർച്ച, സ്ഥിരത ,റോഡ് ജല ഗതാഗത പുരോഗതി എന്നിവയുടെ അടിസ്ഥാനത്തിൽ ഭരണ മികവാണ് കേരളത്തെ ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി തെരെഞ്ഞെടുത്തത്

# അശുദ്ധിയെ ചാരമാക്കി വിശുദ്ധിയിൽ വളരുന്നവരാകണം: റവ രജീവ് സുകു ജേക്കബ്



**പി പി ചെറിയാൻ**

മെസ്‌കിറ്റ് (ഡാളസ് ):മനുഷ്യ ഹൃദയത്തിൽ അന്തർലീനമായിരിക്കുന്ന കോപം,ക്രോധം ,ഈർഷ്യ ,വിധ്വേഷം,പക,പിണക്കം തുടങ്ങിയ അശുദ്ധ ചിന്തകളെ അഗ്നിശുദ്ധി ചെയ്ത് ചാരമാക്കി നീക്കിക്കളഞ്ഞു സ്നേഹം,ഐക്യം, സമർപ്പണം സമാധാനം,എന്നീ സദ്ഗുണങ്ങൾ തിങ്ങി നിറയുന്ന ഹൃദയത്തിന്റെ ഉടമകളായി, വിശുദ്ധിയിൽ വളരുന്നവരായി തീരണമെന്നു ഡാളസ് സി എസ് ഐ കോൺഗ്രിഗേഷൻ വികാരി റവ രജീവ് സുകു ജേക്കബ് ഉദ്ബോധിപ്പിച്ചു.‘അഹം‘ എന്ന ഭാവത്തിൽ നിന്നും ഉരുത്തിരിയുന്ന നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കുകയെന്നതല്ല നമ്മിൽ രൂപാന്തരം വരുത്തുകയെന്നതായിരിക്കണം ഈ നോബ് കൊണ്ട് സ്വായത്തമാകേണ്ടതെന്നും അച്ചൻ പറഞ്ഞു സെൻറ് പോൾസ് മാർത്തോമാ ചർച്ചിൽ അൻപതു നോമ്പിലെ ആരംഭദിവസത്തിൽ അനുരജനത്തിന്റെ ശുശ്രുഷായോടനുബന്ധിച്ചു മാർച്ച് 3 തിങ്കളാഴ്ചയിലെ സന്ധ്യാ പ്രാർത്ഥനയിൽ ദൈവവചന ശുശ്രുഷ നിർവഹിക്കുകയായിരുന്നു അച്ചൻ.ദേവാലയത്തിൽ കടന്നുവന്ന തകർന്ന മനസ്സോടെ പ്രാർത്ഥിക്കുന്ന പ്രാർത്ഥന ദൈവം കേൾക്കാതിരിക്കില്ലെന്നും മുഴങ്കാൽ മടക്കി കൈകളുയർത്തി പ്രാർത്ഥിക്കുമ്പോൾ ദൈവം ഉത്തരമരുളുമെന്നും അച്ചൻ കൂട്ടിച്ചേർത്തു

ക്രിസ്തു ഭൂമിയിൽ ആയിരിക്കുമ്പോൾ ജീവിതത്തിൽ പാലിച്ച് ചില സുപ്രധാന ശീലങ്ങളെ കുറിച്ച് അച്ഛൻ പ്രതിപാദിച്ചു. ദേവാലയത്തിൽ പതിവായി കടന്നുവരുന്നു,മറ്റുള്ളവരെ ഉപദേശിക്കുന്ന,മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന മൂന്ന് ശീലങ്ങൾ കർത്താവിനുണ്ടായിരുന്നതായി അച്ചൻ ദൈവവചനത്തെ അടിസ്ഥാനമാക്കി വ്യാഖ്യാനിച്ചു .ഈ മൂന്ന് ശീലങ്ങളും നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാകുമ്പോൾ ഈ നോമ്പ് കാലഘട്ടം അർത്ഥവത്തായിത്തീരുമെന്നും അച്ചൻ പറഞ്ഞു.

മറ്റുള്ളവരെ ഉപദേശിക്കുന്നതിനും പതിവുപോലെ കർത്താവ് സമയം ചെലവഴിച്ചിരുന്നു. തൻ എന്തെല്ലാം ഉപദേശിച്ചിരുന്നുവോ അതെല്ലാം ജീവിതത്തിലൂടെ തെളിയിക്കുവാൻ കഴിഞ്ഞു വെന്നത് നമുക്കൊരു മാതൃകയാണ് ദൈവവചനം വായിച്ച് പഠിച്ച് മനസ്സിലാക്കി നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കിയതിനു ശേഷം ആയിരിക്കണം മറ്റുള്ളവരെ ഉപദേശിക്കേണ്ടതെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു .ഡാലസ് സെൻറ് പോൾസ് മാർത്തോമാ ചർച്ച് തിങ്കളാഴ്ച വൈകിട്ട് 7 മണിക്ക് നടന്ന സന്ധ്യ പ്രാർത്ഥനയ്ക്ക് ഇടവക വികാരി റവ ഷൈജു സി ജോയ് ,തോമസ് ജോർജ് (ടോയ്),അലക്സാണ്ടർ ഫിലിപ്പ് , ട്രസ്റ്റീ ജോൺ മാത്യു തുടങ്ങിയവർ നേത്രുത്വം നൽകി.


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# കെ.സി.എസ് ഷിക്കാഗോ ക്നായി തൊമ്മന്റെയും ബിഷപ്പുമാരുടെയും ഓർമ്മദിനം ആചരിച്ചു



മൺമറഞ്ഞ പിതാമഹൻ ക്നായി തോമയുടെയും, പൂർവ്വ പിതാക്കന്മാരായ മാർ മാത്യു മാക്കിൽ, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ, മാർ തോമസ് തറയിൽ, ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി എന്നിവരുടെ ഓർമ്മകൾ അയവിറക്കി കൊണ്ട്, ചിക്കാഗോ കെ.സി.എസ് ഇവരുടെ ഓർമ്മ ദിനം ആചരിച്ചു.

ചടങ്ങുകൾക്ക് കെ.സി.എസ് ജോയിന്റ് സെക്രട്ടറി ക്രിസ് കട്ടപ്പുറം നേതൃത്വം നൽകി. മാർച്ച് രണ്ടിന് നടന്ന ഓർമ്മ ദിനത്തിൽ, റാം താന്നിച്ചുവട്ടിലിന്റെ പ്രാർത്ഥനാ ഗാനത്തിന് ശേഷം കെ.സി.എസ് പ്രസിഡന്റ് ജോസ് ആനമല അതിഥികൾക്ക് സ്വാഗതമേകി സംസാരിച്ചു. ക്നാനായ റീജിയൻ വികാരി ജനറൽ റവ. ഫാ. തോമസ് മുളവനാൽ പൂർവ്വ പിതാമഹന്മാരെ അനുസ്മരിച്ചു കൊണ്ടുള്ള പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.

അതിനെ തുടർന്ന് കെ.സി.വൈ.എൽ.എൻ.എ ദേശീയ പ്രസിഡന്റ് ആൽവിൻ പിണർകയിൽ, ജോഷ്വാ മരങ്ങാട്ടിൽ എന്നിവർ മാർ മാക്കീൽ പിതാവിനെ കുറിച്ചും, മുൻ കെ.സി.എസ് പ്രസിഡന്റ് തോമസ് പൂതക്കരി മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവിനെ കുറിച്ചും, ലിനു പടിക്കപ്പറമ്പിൽ മാർ തോമസ് തറയിൽ പിതാവിനെ കുറിച്ചും, ജെയിംസ് കുന്നശ്ശേരിൽ ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിനെ കുറിച്ചുമുള്ള ഓർമ്മകൾ അയവിറക്കി സംസാരിച്ചു.

കെ.സി.എസിന്റെ ആദ്യകാല പ്രസിഡണ്ടുമാരിൽ ഒരാളായ ഇലക്കാട്ട് ജോൺ സാർ, തറയിൽ പിതാവും, കുന്നശ്ശേരി പിതാവുമായിട്ടുള്ള അനുഭവങ്ങൾ പങ്കുവെച്ചു. അതിനുശേഷം പിതാക്കന്മാരെ കുറിച്ചുള്ള അനുസ്മരണ പ്രസംഗങ്ങൾ നടത്തിയവർക്ക്, വികാരി ജനറൽ റവ. ഫാ തോമസ് മുളവനാൽ ഗിഫ്റ്റുകൾ നൽകി ആദരിച്ചു. കെ.സി.എസ് ജനറൽ സെക്രട്ടറി ഷാജി പള്ളി വീട്ടിൽ അതിഥികൾക്ക് നന്ദി പറഞ്ഞു കൊണ്ട് യോഗം അവസാനിച്ചു. കെ സി എസ് ഒരുക്കിയ പെത്രത്ത ഡിന്നർ അതിഥികൾ നന്നായി ആസ്വദിച്ചു.

**ഷാജി പള്ളിവീട്ടിൽ**

**കെ.സി.എസ് ജനറൽ സെക്രട്ടറി**








Discover
a New You at
TOTAL MEDICAL 360 LLC.
TOTAL MEDICAL 360
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590


USA - CANADA TOUR
MAY-JUNE 2025
STAR
ENTERTAINMENT
PRESENTS
cine
Star
Nite
2025
www.starentertainment.world
CONTACT: JOSEPH IDICULA 201-421-5303
JAMES GEORGE 973-985-8432 | BOBBY VARGHESE 201-669-1477

# അവിസ്മരണീയ മുഹൂർത്തങ്ങൾ സമ്മാനിച്ച് കൈരളി ഓഫ് ബാൾട്ടിമോർ ഫാമിലി നൈറ്റ്



ബാൾട്ടിമോർ: കൈരളി ഓഫ് ബാൽട്ടിമോർ (KoB) ഫാമിലി നെറ്റ് പങ്കെടുത്തവർക്ക് അവിസ്മരണീയ മുഹൂർത്തങ്ങൾ സമ്മാനിച്ചു കൊണ്ട് ആകർഷകമായി. പുതിയ നേതൃത്വം സ്ഥാനം ഏറ്റെടുത്ത ശേഷം നടത്തിയ ആദ്യ സ്റ്റേജ് പ്രോഗ്രാം അംഗങ്ങൾ പൂർണ്ണമനസ്സോടെ സ്വീകരിച്ചു. കെഓബി ടീമിനോടുള്ള താൽപര്യം പ്രകടമാക്കുന്നതായിരുന്നു ഇവന്റിന്റെ ടിക്കറ്റുകൾ അവസാന തീയതിക്ക് മുമ്പുതന്നെ വിറ്റുതീർന്നത് .

ഫാമിലി നൈറ്റ് കൃത്യസമയത്ത് തന്നെ ആരംഭിക്കുകയും പങ്കെടുത്ത എല്ലാവർക്കും അതിമനോഹരമായ ഒരു രാവായി മാറുകയും ചെയ്തു. പ്രസിഡന്റ് മൈജോ മൈക്കിൾസ് ഏവരെയും സ്വാഗതം ചെയ്യുകയും കെഓബി -ക്ക് നൽകിയ പിന്തുണയ്ക്ക് നന്ദി അറിയിക്കുകയും ചെയ്തു. ഇനി വരാനിരിക്കുന്ന ഷാൻ റഹ്മാൻ ഷോ ഉൾപ്പെടെയുള്ള പ്രധാന പരിപാടികളെക്കുറിച്ച് വിശദീകരിച്ചു. എക്സ്ക്ലൂസീവ് ഡിസ്കൗണ്ടുകൾ പ്രയോജനപ്പെടുത്താനും ടിക്കറ്റുകൾ നേരത്തെ സ്വന്തമാക്കാനും അദ്ദേഹം അംഗങ്ങളോട് അഭ്യർത്ഥിച്ചു .

നിറപ്പകിട്ടാർന്ന സ്റ്റേജ് പ്രകടനങ്ങൾ, അതിമനോഹരമായ നൃത്ത നൃത്യങ്ങൾ, രസകരമായ ഗെയിമുകൾ , ആൾക്കൂട്ടത്തെ ത്രസിപ്പിച്ച ആവേശകരമായ ഹൈ -എനർജി ഡിജെ എന്നിവകൊണ്ട് വിസ്മയകരമായിരുന്നു ഫാമിലി നൈറ്റ് .





കൂടാതെ കെഓബി പ്രൊഡക്ഷൻസ് അവരുടെ ഏറ്റവും പുതിയ വെബ് സീരീസായ 'മഹർഷി' പ്രദർശിപ്പിച്ചപ്പോൾ  അത്  കണ്ണിനു കുളിർമയേകുന്ന  വിരുന്നായി മാറി. കെഓബി-ക്ക് വേണ്ടി അവർ തന്നെ സൃഷ്ടിച്ച ഒരു സാമൂഹിക വിമർശന സ്കിറ്റായിരുന്നു  'മഹർഷി' .

വിഭവസമൃദ്ധമായ വൈവിധ്യമാർന്ന ഭക്ഷണപാനീങ്ങൾ മുതിർന്നവരും കുട്ടികളും ഒരുപോലെ ആസ്വദിച്ചു. ഒപ്പം വാലന്റൈൻസ് ഡേ മത്സരമായ പ്രേമത്തിലെ വിജയികളെയും പ്രഖ്യാപിച്ചു:

റീൽ റൊമാൻസ്: ആഷ്ന & ബിസ്മിൻ

ഡ്യുയറ്റ് പ്രണയ ഗാനങ്ങൾ: ജെയിൻ ആൽവിൻ ആലുവത്തിങ്കൽ

ടേസ്റ്റ് ഓഫ് ലവ്: ദേവി ജോർജ്ജ്

ക്രിയേറ്റീവ് കിഡ്സ് കോർണർ: ലിസ്ബെത്ത് അപ്പക്കൽ

പീപ്പിൾസ് ചോയ്സ് അവാർഡ്: ലിജി  & തോമസ് വിതയത്തിൽ

എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ!



പ്രസിഡന്റ് മൈജോ മൈക്കിൾസിന്റെ നേതൃത്വത്തിൽ വൈസ് പ്രസിഡന്റ് ഓസ്റ്റിൻ ആലുവത്തിങ്കൽ, സെക്രട്ടറി റോഷിത പോൾ, ട്രഷറർ മരിയ തോമസ്, ജോയിന്റ് സെക്രട്ടറി സൂര്യ ചാക്കോ, ജോയിന്റ് ട്രഷറർ ബിജോ തോമസ്, കൂടാതെ ഉത്സാഹവും സമർപ്പണവുമുള്ള കമ്മിറ്റി അംഗങ്ങളുടെ ഒരു സംഘവും ചേർന്ന് സംഘടിപ്പിച്ച പരിപാടി അതിന്റെ എല്ലാ പ്രൗഢിയോടുംകൂടി സമാപിച്ചു . പ്രസിഡന്റ് മൈജോ മൈക്കിൾസിന്റെ ഉത്സാഹവും ദീർഘവീക്ഷണവുമുള്ള നേതൃത്വത്തിൽ കെഓബി പുതിയ ഉയരങ്ങളിലെത്തുകയാണ്. ഈ ഊർജ്ജസ്വലമായ നേതൃത്വത്തിൽ കെഓബി -യുടെ അടുത്ത പരിപാടിക്കായി ഏവരും ആകാംക്ഷയോടെ കാത്തിരിക്കുന്നു .














# LIVE Television Channels Streaming of Events

MediaAppUSA

## ‘VOD’ Video On Demand
## Movies | Shows | Photos
## Event Tickets



**One App for All Media Outlets**

amazon fireTV — Amazon fireTV

Roku — ROKU TV

tv — Apple TV

Google TV — GoogleTV

Samsung SMART TV — Samsung TV

LG Life's Good — LGTV

Panasonic — Panasonic

VIZIO — VIZIO TV

iPhone

Android

Download on the App Store

ANDROID APP ON Google play

Available in App Store or Google Store

Scan the QR Code for instant download

Download ‘MediaAppUSA’


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# ഫോമായുടെ ന്യൂയോർക്ക് മെട്രോ റീജിയൻ ഉദ്ഘാടനം പ്രൗഢഗംഭീരം







ന്യൂയോർക്ക് : ഫോമാ നേതാക്കളുടെയും പ്രവർത്തകരുടെയും വലിയ സാന്നിധ്യം കൊണ്ടും മനം കവർന്ന കലാപരിപാടികൾ കൊണ്ടും ഫോമാ മെട്രോ റീജിയന്റെ പ്രവർത്തനോദ്ഘാടനം ഹൃദ്യമായി.

ഉദ്ഘാടനം നിർവഹിച്ച ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ തങ്ങൾ സ്ഥാനമേറ്റ നാല് മാസത്തിനുള്ളിൽ നടപ്പാക്കിയ കാര്യങ്ങൾ വിശദീകരിച്ചു. വിവിധ ആശുപതികളുമായി സഹകരിച്ച് മെഡിക്കൽ പ്രിവിലേജ് കാർഡ് നടപ്പിലാക്കുന്നതാണ് ഒന്ന്. തിരുവല്ല പുഷപഗിരി മെഡിക്കൽ കോളജ് ആശുപതിയുടെ കാർഡ് നിലവിൽ ലഭ്യമായി. കോട്ടയം കാരിത്താസ്, തൊടുപുഴ സ്മിത മെമ്മോറിയൽ, ആസ്റ്റർ മെഡ്സിറ്റി, തുടങ്ങിയ ആശുപതികളുമായും ധാരണയായിട്ടുമുണ്ട്. നമ്മൾ കാർഡ് നൽകുന്ന നമ്മുടെ നാട്ടിലെ ബന്ധുക്കൾക്ക് പ്രത്യേക ഇളവുകളും മാറ്റ് ആനുകൂല്യങ്ങളുമുണ്ട്. സമീപസ്ഥലങ്ങളിൽ ആണെങ്കിൽ അടിയന്തരഘട്ടത്തിൽ ഡോക്ടറടക്കമുള്ള മെഡിക്കൽ സംഘം വീട്ടിൽ വന്നു ചികിത്സ നൽകും.

നാലുമാസത്തിനിടയിൽ ആറ് റീജിയനുകളുടെ ഉദ്ഘാടനത്തിൽ പങ്കെടുക്കുവാനായി . ഹെല്പിങ് ഹാൻഡ്സിന്റെ പദ്ധതിക്കായി 2,55,000 രൂപ കൊടുത്തതായും വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിലും ചാരിറ്റി പ്രവർത്തനങ്ങൾ നടന്നതായും മണക്കുന്നേൽ പറഞ്ഞു.

ഫോമായുടെ ഫാമിലി കൺവൻഷൻ 2026 ജൂലൈ 30,31 ഓഗസ്റ്റ് 1,2 തീയതികളിൽ ഹൂസ്റ്റണിൽ വച്ച് നടക്കും . ഈ സെപ്റ്റംബറിൽ വിമൻസ് സമ്മിറ്റും നടക്കും. 2026 ജനുവരി 9 ന് കോട്ടയം വിൻസർ കാസിലിൽ വച്ച് കേരള കൺവൻഷൻ നടക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഫോമാ അച്ചടക്കത്തോടെ പ്രവർത്തിക്കുന്ന സംഘടനയാണെന്നും വാട്സാപ്പ് ഗ്രൂപ്പിലെ സന്ദേശങ്ങളിലടക്കം ഈ അച്ചടക്കം ഉണ്ടായിരിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും വായിക്കാവുന്ന തരത്തിലുള്ള മെസേജുകൾ അല്ലാത്തപക്ഷം അത് അയയ്ക്കുന്നവരെ ഗ്രൂപ്പുകളിൽ നിന്ന് റിമൂവ് ചെയ്യുമെന്നും മുന്നറിയിപ്പ് നൽകി.




ഫോമാ ന്യൂയോർക്ക് മെട്രോ റീജിയന്റെ ഉദ്ഘാടനച്ചടങ്ങ് പ്രൗഢഗംഭീരമായി സംഘടിപ്പിച്ചതിന് ആർ.വി.പി മാത്യു ജോഷ്വ, എബ്രഹാം ഫിലിപ്പ്, ജോസ് വർഗീസ്, നാഷണൽ .സെക്രട്ടറി കൂടിയായ പോൾ ജോസ് തുടങ്ങിയവരുടെ ടീമിന് ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ് അഭിവാദ്യങ്ങൾ അർപ്പിച്ചു. ന്യൂയോർക്ക് മെട്രോ റീജിയൻ ഫോമായേ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട റീജിയൻ ആണെന്നും അമേരിക്കൻ മലയാളി സംഘടനകളിൽ ഏറ്റവും പ്രായം കൂടിയ കേരള സമാജവും (സ്ഥാപിതമായിട്ട് 52 വർഷം) ഏറ്റവും പ്രായം കുറഞ്ഞ സംഘടനയായ ലോങ്ങ് ഐലൻഡ് മലയാളി അസോസിയേഷനും ഇതേ റീജിയനിലാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ റീജിയണിലെ 11 അസോസിയേഷനുകൾക്കും നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പേരിൽ അദ്ദേഹം അഭിവാദ്യം അർപ്പിച്ചു.





പിന്നോട്ട് നോക്കിയാൽ, ഫോമായിലെ നിരവധി നേതാക്കളെ സംഭാവന ചെയ്ത റീജിയനാണ് ന്യൂയോർക്ക് മെട്രോ റീജിയനെന്ന് കാണാമെന്ന് ഫോമാ ട്രഷറർ സിജിൽ പാലക്കലോടി അഭിപ്രായപ്പെട്ടു. കേരളത്തിലെയും അമേരിക്കയിലെയും കാനഡയിലെയും മലയാളികളുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുന്ന സംഘടനയാണ് ഫോമാ എന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള സ്ഥലങ്ങളിലുള്ള പരിപാടികളിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ ജനുവരിയിൽ പങ്കെടുത്തതായി അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ ഓഫീസ്, നോർക്ക ഓഫീസ് എന്നീയിടങ്ങൾ സന്ദർശിക്കുകയും വിവിധ ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തതിലുള്ള സന്തോഷം സിജിൽ പാലക്കലോടി പങ്കുവച്ചു. 2.5 മില്യണിന്റെ ബജറ്റുമായി മുന്നോട്ടു പോകുമ്പോൾ ഫോമായ്ക്ക് ഓരോ അംഗങ്ങളുടെയും പിന്തുണയും സഹകരണവും ആവശ്യമാണെന്ന് ട്രഷറർ ഓർമ്മിപ്പിച്ചു.

ജെ എഫ് കെ എയർപോർട്ടിൽ ആണ് മിക്ക മലയാളികളും അമേരിക്കൻ മണ്ണിൽ ആദ്യമായി കാലുകുത്തുന്നതെന്നും അതിനാൽ തന്നെ ഈ റീജിയൻ സുപ്രധാനമാണെന്നും ഫോമാ വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ് അഭിപ്രായപ്പെട്ടു. മലയാളികൾ സ്വപ്നംകണ്ട അമേരിക്കയിൽ ന്യൂയോർക്കാണ് എന്നും നിറഞ്ഞുനിന്നിരുന്നതെന്നും അദ്ദേഹം പറഞ്ഞു. വോട്ട് ചോദിച്ച് മുൻപ് വന്നപ്പോൾ ഒപ്പംനിന്ന് വിജയിപ്പിച്ച ഓരോരുത്തർക്കും വൈസ് പ്രസിഡന്റ് നന്ദി അറിയിച്ചു. ഫോമായുടെ ചരിത്രത്തിൽ സ്വർണ്ണലിപികളിൽ കുറിക്കാൻ പോകുന്ന രണ്ടുവർഷങ്ങളായിരിക്കും ഇതെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

ഏവരുടെയും പ്രതീക്ഷയ്ക്കൊത്ത് പ്രവർത്തിക്കാൻ എന്നും ശ്രമിച്ചുകൊണ്ടേയിരിക്കുമെന്ന് ജോ. സെക്രട്ടറി പോൾ ജോസ് ഉറപ്പുനൽകി. എവിടെ പിഴവ് കണ്ടാലും അത് ചൂണ്ടിക്കാണിക്കണമെന്നും അത് തിരുത്തി മുന്നേറുമെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു.

ഫോമായുടെ നേതൃത്വത്തിൽ തിരുവല്ലയിൽ ഒരു ഹൗസിങ് പ്രോജക്ട് നടക്കുന്നുണ്ടെന്നും ഏപ്രിലിൽ മറ്റൊരു ഹൗസിങ് പ്രോജക്ട് നടക്കാനിരിക്കുകയാണെന്നും ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ പറഞ്ഞു. വനിതാ സംരംഭക കൂടിയായ അവർ സ്ത്രീകളും കുട്ടികളും കൂടുതലായി ഫോമായുടെ ഭാഗമാകണമെന്ന് അഭ്യർത്ഥിച്ചു. അത് സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും അഭിപ്രായപ്പെട്ടു. ജൂലി ബിനോയിയുടെ നേതൃത്വത്തിൽ വിമൻസ് സമ്മിറ്റിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും അവർ പറഞ്ഞു.

ആർ.വി.പി. മാത്യു ജോഷയുടെ പ്രസംഗത്തിൽ ചാരിറ്റിക്ക് സംഘടനാ നൽകുന്ന പ്രാധാന്യം എടുത്തു പറഞ്ഞു. ഒരാൾ 10 ഡോളർ ഒരു മാസം തന്നാൽ അടുത്ത പതിനഞ്ചു മാസം കൊണ്ട് അത് 150 ഡോളറാകും. അത്തരം 50 പേര് വന്നാൽ തന്നെ 7500 ഡോളർ സമാഹരിക്കാനാകും.

ന്യൂ യോർക്ക് സിറ്റി പോലീസിൽ ഇൻസ്പെക്ടർ റാങ്കിൽ എത്തുന്ന ആദ്യ മലയാളി ഷിബു മധുവിനെ ചടങ്ങിൽ പൊന്നാട അണിയിച്ചും ഫലകം നൽകിയും ആദരിച്ചു.

നന്ദി പറഞ്ഞ ഇൻസ്പെക്ടർ ഷിബു മധു നാടുമായുള്ള നമ്മുടെ ബന്ധം നിലനിർത്തേണ്ടതിന്റെ പ്രാധാന്യം എടുത്തു പറഞ്ഞു. ചാരിറ്റി പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ചെയ്തു.

വിവിധ അംഗസംഘടനകളിലെ കലാകാരന്മാരുടെ കലാപരിപാടികളും, നൂപുര ഡാൻസ് അക്കാഡമിയുടെ ഡാൻസുകളും സംഗീത പരിപാടികളും ചടങ്ങ് മനോഹരമാക്കി.

ജെയ്‌സി ചാക്കോ അമേരിക്കൻ ദേശീയഗാനവും നക്ഷത്രയും നവോമികയും ഇന്ത്യൻ ദേശീയ ഗാനവും ആലപിച്ചു. 'നൂപുര'യുടെ പ്രാരംഭ പ്രാർത്ഥന നൃത്തം ആകർഷകമായി.

റീജിയണൽ സെക്രട്ടറി ബോബി സ്വാഗതവും ആർവിപി മാത്യു ജോഷ ആമുഖ പ്രസംഗവും നടത്തി.

ബിന്ദു തോമസും ബിജു ചാക്കോയും ചേർന്ന് ഫോമ ദേശീയ നേതാക്കളെ വേദിയിലേക്ക് ക്ഷണിച്ചു

ഫോമാ ഹെൽപിങ് ഹാൻഡ്സിനെപ്പറ്റി ബിജു ചാക്കോ സംസാരിച്ചു.

റീജിയന്റെ വെബ്‌സൈറ്റ് നാസൊ കൗണ്ടി ലെജിസ്ലേറ്റർ ടോം മക്കെവിറ്റ് ഉദ്ഘാടനം ചെയ്തു. ഫോമായുടെ ചാരിറ്റി പ്രവർത്തനങ്ങളെ അഭിനന്ദിച്ച അദ്ദേഹം കൂടുതൽ കുടുംബങ്ങളെ കൗണ്ടിയിലേക്കു ക്ഷണിച്ചു. വെബ്‌സൈറ്റ് തയ്യാറാക്കിയ മാത്യുക്കുട്ടി ഈശോയും പങ്കെടുത്തു.

വനിതാ ഫോറം ഉദ്ഘാടനവും നടന്നു. നൂപ കുര്യൻ സംസാരിച്ചു.

ഫോമാ മുൻ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, നോർത്ത് ഹെംപ്‌സ്റ്റെഡ് സൂപ്പർവൈസർ ജെന്നിഫർ ഡിസേന തുടങ്ങിയവരും സംസാരിച്ചവരിൽ ഉൾപ്പെടുന്നു. അഡ്വൈസറി ബോർഡ് ചെയർ ഷിനു ജോസഫ്, മുൻ പ്രസിഡന്റ് ബേബി ഊരാളിൽ, ബിജു തോണിക്കടവിൽ, തോമസ് ടി. ഉമ്മൻ, മാത്യു വർഗീസ് തുടങ്ങിയവർ പങ്കെടുത്തു.

റീജിയണൽ ചെയർ ഫിലിപ്പോസ് കെ ജോസഫ്, ആർ.വി.പി. മാത്യു ജോഷ, റീജിയൺ സെക്രട്ടറി ബോബി, ട്രെഷറർ ബിഞ്ചു ജോൺ, നാഷണൽ കമ്മിറ്റി അംഗങ്ങളായ ജോസ് വർഗീസ്, ജൂലി ബിനോയ് തുടങ്ങിയവർ നേതൃത്വം നൽകി.









JULIE BINOY















# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C
SPRJ55189

# പ്രവർത്തകർക്ക് മുന്നറിയിപ്പുമായി എ.കെ ആന്റണി; കോൺഗ്രസിൽ സ്നേഹം പൂത്തുലയുന്നു...




എ.എസ് ശ്രീകുമാർ

കോൺഗ്രസ് നേതാക്കൾക്ക് മുന്നറിയിപ്പുമായി മുതിർന്ന നേതാവ് എ.കെ ആന്റണി രംഗത്തു വന്നിരിക്കുന്നു. ''കേരളം ഭരണമാറ്റത്തിന് പാകമായി. അതിനു മുൻപുള്ള സെമിഫൈനലാണ് തദ്ദേശ തിരഞ്ഞെടുപ്പ്. വഴക്കുണ്ടാക്കി നല്ല അന്തരീക്ഷം കളയരുത്...'' തിരുവനന്തപുരത്ത് നടന്ന കോൺഗ്രസ് കുടുംബ സംഗമത്തിൽ ഒരു കാരണവരുടെ സ്നേഹ ശാസനയെന്ന നിലയിൽ അദ്ദേഹം പ്രവർത്തകരോട് പറഞ്ഞു. 2026-ൽ കേരളത്തിൽ കോൺഗ്രസ് മുഖ്യമന്ത്രി വരുമെന്നും ആന്റണി കൂട്ടിച്ചേർത്തു. പിണറായി സർക്കാരിനെ പുകഴ്ത്തിയ ശശി തരൂർ മറ്റു വഴിയൊന്നുമില്ലാതെ മലക്കം മറിഞ്ഞതും ഡൽഹി ഇന്ദിരാഭവനിലെ 'കോംപ്രമൈസ് ചർച്ച'യും കെ സുധാകരൻ-മുല്ലപ്പള്ളി രാമചന്ദ്രൻ കൂടിക്കാഴ്ചയും സംസ്ഥാന കോൺഗ്രസിന്റെ കണ്ടകശനി മാറ്റുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പ്രതിപക്ഷ നേതാവ് വ.ഡി സതീശനും കെ.പി.സി.സി പ്രസിഡന്റ് കെ സുധാകരനും തമ്മിലുള്ള ശീതയുദ്ധം കൊടുമ്പിരി കൊള്ളുന്ന അവസ്ഥയിലാണ് കേരളത്തിലെ കോൺഗ്രസ് നേതാക്കളുടെ യോഗം ഡൽഹി ഇന്ദിരാഭവനിൽ കോൺഗ്രസ് ഹൈക്കമാൻഡ് വിളിച്ചുചേർത്തത്. കേരളത്തിലെ കോൺഗ്രസിൽ നേതൃമാറ്റവും പൊട്ടിത്തെറികളുമുണ്ടാകുമെന്ന് പ്രതീക്ഷിച്ചെങ്കിലും ഡൽഹിയിലെ യോഗം അവസാനിച്ചത് തീർത്തും സൗഹാർദ്ദപരമായ അന്തരീക്ഷത്തിലായിരുന്നു. കെ.പി.സി.സി പ്രസിഡന്റിനെ മാറ്റുന്ന കാര്യം യോഗത്തിൽ ചർച്ചയാകുമെന്ന് മാധ്യമങ്ങൾ ബ്രേക്കിങ് ന്യൂസ് കൊടുത്തെങ്കിലും അതുണ്ടായില്ല.

കേരളത്തിലെ കോൺഗ്രസിനെ സംബന്ധിച്ച് നിർണായക ദിനങ്ങളാണ് വരാനിരിക്കുന്നതെന്നും ഇക്കാര്യത്തിൽ പാർട്ടിയെയും മുന്നണിയെയും ശക്തിപ്പെടുത്താനുള്ള നിർണായക നിർദേശങ്ങളുണ്ടാകണമെന്നും എ.ഐ.സി.സി സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ ആമുഖമായി പറഞ്ഞു. തുടർന്ന് സംസാരിച്ച രാഹുൽ ഗാന്ധി കേരളത്തിലെ കോൺഗ്രസിൽ എന്തു നടക്കുന്നുവെന്ന് തനിക്ക് വ്യക്തമായി അറിയാമെന്നും ഓരോ നേതാക്കളും എന്തു പങ്കാണ് വഹിക്കുന്നതെന്നതു സംബന്ധിച്ച് തന്റെ മുന്നിൽ കൃത്യമായ റിപ്പോർട്ടുകളുണ്ടെന്നും പറഞ്ഞു.

ഇപ്പോൾ കേരളത്തിൽ തിരഞ്ഞെടുപ്പ് നടന്നാൽ കോൺഗ്രസിന് കുറഞ്ഞത് മൂന്ന് ശതമാനം വോട്ടു ലഭിക്കുന്ന സാഹചര്യമാണെന്നും അതിനാൽ പാർട്ടിയെ അധികാരത്തിലെത്തിക്കാനുള്ള വിശ്രമില്ലാത്ത ദിവസങ്ങൾക്കാണ് തയ്യാറെടുക്കേണ്ടതെന്നും രാഹുൽ ഗാന്ധി അഭിപ്രായപ്പെട്ടു. പാർട്ടിയിൽ സ്ത്രീകൾക്ക് 33 ശതമാനം പ്രാതിനിധ്യം വേണമെന്ന് ക്ഷണിതാക്കളായ ഷാനിമോൾ ഉസ്മാൻ, ബിന്ദു കൃഷ്ണ, ജെബി മേത്തർ, ജയലക്ഷ്മി എന്നിവർ ഒരേ സ്വരത്തിൽ ആവശ്യപ്പെട്ടു.

കേരളത്തിലെ സംഘടന സുശക്തമാണെങ്കിലും താഴെ തട്ടിൽ ചില ദൗർബല്യങ്ങളുണ്ടെന്നും നേതാക്കൾക്കിടയിൽ ഏകാഭിപ്രായമില്ലെന്നുമാണ് കേരളത്തിന്റെ ചുമതലയുള്ള ദീപാദാസ് മുൻഷി

പറഞ്ഞത്. എന്നാലിതിനെ ഖണ്ഡിച്ച എ.ഐ.സി.സി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ഇത്തരം ദൗർബല്യങ്ങൾ പരിഹരിക്കാനാണ് താങ്കളെ കേരളത്തിലേക്കു നിയമിച്ചിരിക്കുന്നതെന്ന് ദീപയോടു പറഞ്ഞു. ശശി തരൂരിന്റെ നരേന്ദ്ര മോദി-പിണറായി സർക്കാർ അനുകൂല കമന്റുകൾ കടുത്ത വിമർശനത്തിനിടയാക്കി. പി.ജെ കുര്യൻ ആയിരുന്നു തരൂരിനെ ഇരുത്തിക്കൊണ്ട് ശരിക്കും കുടഞ്ഞത്.

തരൂരിന്റെ നിലപാട് പാർട്ടിക്ക് ഭൂഷണമല്ലെന്നും അദ്ദേഹം പാർട്ടിക്ക് വഴിപ്പെട്ടു പോവുകയാണ് വേണ്ടതെന്നും കുര്യൻ ആവശ്യപ്പെട്ടു. പാർട്ടി അച്ചടക്കത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർ എത്ര ഉന്നതനായിരുന്നാലും കർശന നടപടിക്കു വിധേയമാക്കുമെന്നും ഇക്കാര്യത്തിൽ ഒരു വിട്ടു വീഴ്ചയ്ക്കുമില്ലെന്നും ഖാർഗെയും വ്യക്തമാക്കി. ഡൽഹി യോഗത്തിന് ശേഷം മലക്കം മറിയുന്ന തരൂരിനെയാണ് നാം കണ്ടത്. കേരള സർക്കാരിന്റ ഉദ്ദേശ്യശുദ്ധി നല്ലതെന്ന് സമ്മതിക്കണമെന്നും എന്നാൽ, യഥാർഥ സാഹചര്യമല്ല റിപ്പോർട്ടുകളിൽ വരുന്നതെന്നുമാണ് തരൂർ ഇപ്പോൾ പറയുന്നത്. ഹൈക്കമാൻഡിന്റെ മരുന്ന് ഏറ്റുവെന്ന് സാരം.

കേരളത്തിലെ മുഖ്യമന്ത്രിയാകാൻ താനില്ലെന്നും 100 സീറ്റു നേടി മുന്നണിയെ അധികാരത്തിലെത്തിക്കുകയാണ് തന്റെ ലക്ഷ്യമെന്നും വി.ഡി സതീശൻ പറഞ്ഞു. എന്നാൽ സതീശൻ അങ്ങനെ പറയരുതെന്നും ഒരു പക്ഷേ ജനങ്ങൾ ആ അവസരത്തിൽ അങ്ങനെ ആഗ്രഹിച്ചാലോ എന്നുമായി അപ്പോൾ രാഹുൽ ഗാന്ധി. എന്നാൽ താൻ മുഖ്യമന്ത്രി പദം ആഗ്രഹിച്ചാൽ എല്ലാ ശ്രദ്ധയും അതിലാകുമെന്നും അപ്പോൾ തനിക്ക് പാർട്ടിയെ വിജയത്തിലെത്തിക്കുന്നതിൽ ശ്രദ്ധിക്കാനാകില്ലെന്നും സതീശൻ അമിത ആത്മാർത്ഥതയോടെയും വിനയത്തോടെയും പറഞ്ഞു.

കേരളത്തിലെ എല്ലാവരും ഒറ്റക്കെട്ടായി നിന്നാൽ അധികാരത്തിലെത്താൻ ഒരു പ്രശ്നവുമില്ലെന്നും സതീശൻ വ്യക്തമാക്കി. തനിക്ക് കോൺഗ്രസിൽ ആരുമായും ഒരു പ്രശ്നവുമില്ലെന്ന് സുധാകരൻ പറഞ്ഞു. സതീശൻ പറഞ്ഞ എല്ലാ കാര്യങ്ങളോടും യോജിപ്പാണെന്നും തന്റെ ലക്ഷ്യവും പാർട്ടിയെ അധികാരത്തിലെത്തിക്കുക എന്നതാണെന്നും സുധാകരൻ സ്നേഹാർദ്രമായി പറഞ്ഞപ്പോൾ ഡൽഹിയിലെ തണുപ്പിലും മഞ്ഞുരുകി. കേരളത്തിൽ യു.ഡി.എഫിന് അനുകൂല സാഹചര്യമാണെന്നും നേതാക്കൾ ഒന്നിച്ചു നിന്നാൽ വിജയം അനായാസമാണെന്നുമാണ് തരൂർ പറഞ്ഞത്. താനുമായി ബന്ധപ്പെട്ട വിവാദ വിഷയങ്ങളിൽ തൊടാതിരിക്കാൻ തരൂർ പ്രത്യേകം ശ്രദ്ധിച്ചതാണ് എടുത്തു പറയേണ്ട ഒരു കാര്യം.


കോൺഗ്രസ് നേതാവെന്ന നിലയിൽ ജനപ്രീതി നേടിയെങ്കിലും പാർട്ടിയിൽ തനിക്ക് അർഹമായ സ്ഥാനം ലഭിക്കാത്തതാണ് തരൂരിന്റെ യഥാർത്ഥ പ്രശ്നം. എ.ഐ.സി.സി പ്രസിഡന്റായി മൽസരിച്ച് തോറ്റെങ്കിലും വിശ്വ പൗരനായ തരൂർ കുറഞ്ഞപക്ഷം കേരളത്തിന്റെ മുഖ്യമന്ത്രിയെങ്കിലുമാവാൻ ആഗ്രഹിക്കുന്നുണ്ട്. എന്നാൽ അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽ സതീശനോ ചെന്നിത്തലയോ മുഖ്യമന്ത്രി സ്ഥാനാർത്ഥിയാകുമെന്നാണ് സൂചന.

എഴുപതുകളുടെ അവസാനം മുതൽ കേരളത്തിലെ കോൺഗ്രസ് രാഷ്ട്രീയത്തിൽ 'എ' 'ഐ' ഗ്രൂപ്പുകളുടെ മേൽക്കോയ്മയാണ് കണ്ടത്. തുടർന്ന് ഉമ്മൻ ചാണ്ടി-രമേശ് ചെന്നിത്തല അച്ചുതണ്ടായി മാറി. ഉമ്മൻ ചാണ്ടിയുടെ വിയോഗത്തോടെ സതീശൻ-ചെന്നിത്തല പോരാട്ടമായി കാര്യങ്ങൾ പരിണമിച്ചിരിക്കുന്നു. എന്നാൽ സതീശൻ പ്രതിപക്ഷ നേതാവായതോടെ ചെന്നിത്തലയുടെ പിടി അയഞ്ഞെങ്കിലും അനാവശ്യ വിവാദങ്ങളിലൊന്നും ചെന്നുചാടാതെ അദ്ദേഹത്തിന്റെ ഗ്രാഫ് നിലവിൽ ഉയർന്നുകൊണ്ടാണിരിക്കുന്നതായാണ് കാണുന്നത്.

ഇതിനിടെ കോൺഗ്രസ് നേതൃത്വവുമായി ഇടഞ്ഞുനിൽക്കുന്ന കെ.പി.സി.സി മുൻ പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രനെ അനുനയിപ്പിക്കാൻ ഇപ്പോഴത്തെ കെ.പി.സി.സി പ്രസിഡന്റ് കെ സുധാകരൻ അദ്ദഹത്തിന്റെ വീട്ടിലെത്തിയത് ശ്രദ്ധേയമായ ഒരു നീക്കമാണ്. അടച്ചിട്ട മുറിയിലെ ചർച്ചയ്ക്ക് ശേഷം ഹാപ്പിയായാണ് ഇരുവരും പുറത്തുവന്നത്. ഞങ്ങൾ ഒരമ്മ പെറ്റ മക്കളെപ്പോലെയാണെന്ന് കെ സുധാകരനും ഉണ്ടായിരുന്ന കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് പരിഹരിച്ചുവെന്ന് മുല്ലപ്പള്ളിയും പറഞ്ഞതോടെ വെളുത്ത പുക ഉയർന്നു.



പ്രശ്നങ്ങളൊക്കെ കലങ്ങിത്തെളിഞ്ഞ് വരികയാണ്. കെ സുധാകരന് കെ.പി.സി.സി പ്രസിഡന്റ് സ്ഥാനം മതി. മുഖ്യമന്ത്രിക്കുപ്പായത്തിനു വേണ്ടിയാണ് ഇനി കടിപിടിയുണ്ടാവുക. ഹൈക്കമാൻഡിന്റെ കർശന നിർദേശമുള്ളതിനാൽ പരസ്യ പ്രതികരണങ്ങളുണ്ടാവില്ല. എ.കെ ആന്റണി പറഞ്ഞപോലെ ''കേരളം ഭരണമാറ്റത്തിന് പാകമായി. അതിനു മുൻപുള്ള സെമിഫൈനലാണ് തദ്ദേശ തിരഞ്ഞെടുപ്പ്. വഴക്കുണ്ടാക്കി നല്ല അന്തരീക്ഷം കളയരുത്...'' അതേ, പടിക്കൽ കൊണ്ടുപോയി കലമുടയ്ക്കരുത്.


In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680

# PARK FUNERAL CHAPELS

## Generations of Dignified Personal Service




### Services

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**രാജമ്മ ഡാനിയേൽ**

ഫിലാഡൽഫിയ: രാജമ്മ ഡാനിയേൽ (100) ഫെബ്രുവരി 23-ന് ഫിലാഡൽഫിയയിൽ അന്തരിച്ചു. കാർത്തികപ്പള്ളി നരീച്ചിറയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.റ്റി. ഡാനിയേൽ പത്തനംതിട്ട മച്ചിയിൽ ഗ്രേയ്സ് ഭവൻ കുടുംബാംഗമാണ്. മക്കൾ: എലിസബേത്ത്, ഫിന്നി, ലൂതർ, പാസ്റ്റർ വെസ്‌ലി, സൂസൻ. മരുമക്കൾ: എം.സി വർഗീസ്, ശോശാമ്മ, മേബിൾ, അക്കാമ്മ, വിൽസൺ. കൊച്ചുമക്കളും അവരുടെ മക്കളുമായി 28 പേർ ഉണ്ട്.

**ഷാജി കെ.ഫിലിപ്പ്**

കിഴക്കേ നട്ടാശേരി:കൊട്ടിപ്പള്ളിയിൽ പരേതനായ ഫിലിപ്പിന്റെയും ചിന്നമ്മയുടെയും മകൻ ഷാജി കെ.ഫിലിപ് (53) അന്തരിച്ചു. ഭാര്യ: മഞ്ജുമോൾ ഷാജി. മക്കൾ: ആൽബിൻ ഷാജി, അലോന ഷാജി.



**കുഞ്ഞമ്മ സക്കറിയ**

ഡാളസ്: കുഞ്ഞമ്മ സക്കറിയ (98)തുണ്ടിയിൽ ഹൗസ്, ഐരൂരിൽ അന്തരിച്ചു.മാർത്തോമാ സഭയിലെ സീനിയർ പട്ടക്കാരനും ഡാളസ് സെൻറ് പോൾസ് മാർത്തോമാ ചർച്ച മുൻ വികാരിയുമായ റവ. സാജു സക്കറിയയുടെ മാതാവാണ്.

**ക്ലാരമ്മ തോമസ്**

ചങ്ങനാശേരി:കരിങ്ങട പരേതനായ കെ.എം.തോമസിന്റെ ഭാര്യ ക്ലാരമ്മ തോമസ് (84) അന്തരിച്ചു.മക്കൾ: ജോജി, ജൂലി, മാർട്ടിൻ, ശോഭ, കു ഞ്ഞുമോൻ, ടീന. മരുമക്കൾ: റാണി, രാജൻ ജെ.തോപ്പിൽ, പ്രീതി ഡോണിവില്ല, സജി പൊടി മറ്റം, മാഗി കവലേക്കളം, ബിനോയ് തോട്ടത്തിൽ.

**കെ.ടി.ജോസഫ്**

മൂന്നിലവ്: കല്ലാറ്റ് കെ.ടി.ജോസഫ് (86) അന്തരിച്ചു.



**എം.ജെ. ചെറിയാൻ**

കോട്ടയം: മള്ളൂശ്ശേരി തേക്കുംപറമ്പിൽ റിട്ട. സിൻഡിക്കേറ്റ് ബാങ്ക് ഉദ്യോഗസ്ഥൻ എം.ജെ. ചെറിയാൻ (തമ്പി, 70) അന്തരിച്ചു.ഭാര്യ: മോളി ചെറിയാൻ പാലത്തിങ്കൽ കുടുംബാംഗമാണ്. മക്കൾ: നീനു ചെറിയാൻ, ജോസഫ് ചെറിയാൻ, അലക്സ് ചെറിയാൻ (മൂവരും ഫ്ളോറിഡ). മരുമക്കൾ: ലിയോ ചോരത്ത് കല്ലറ, സ്നേഹ ജോസഫ് വയലിൽ രാജാക്കാട്, അലീഷ അലക്സ് മീമ്പനത്ത് തൊടുപുഴ (മൂവരും ഫ്ളോറിഡ).

**സജി തോമസ്**

നീലിമംഗലം:കൊല്ലൻ കിഴക്കേ തിലായ കാരിമറ്റത്തിൽ പരേതനായ കെ.കെ. തോമസിന്റെയും അന്നമ്മ തോമസിന്റെയും മകൻ സജി തോമസ് (49) അന്തരിച്ചു. ഭാര്യ: ഷൈനി സജി. മക്കൾ: ജിഷോൺ, ജിയോണ.




**കെ.ഒ. ജോസ്**

ഹൂസ്റ്റൺ: കുറുപ്പുംതറ മാൻവെട്ടം കലയന്താനം കെ.ഒ.ജോസ് (79) അന്തരിച്ചു. ഭാര്യ:വത്സമ്മ ജോസ് ഏറ്റുമാനൂർ മുതിരക്കാലായിൽ കുടുംബാംഗമാണ്.മക്കൾ: ജഫിനാ, ജസിനാ,( ഇരുവരും ഹൂസ്റ്റൺ), സെൻറ്.മേരീസ് സീറോ മലബാർ കാത്തലിക് ചർച്ച് അംഗങ്ങൾ) ,ജോവിൻ (ഏറ്റുമാനൂർ). മരുമക്കൾ: ജോയ്മോൻ പള്ളിപ്പറമ്പിൽ ,സെർനി പുത്തൻപുരയിൽ (ഇരുവരും ഹൂസ്റ്റൺ), റ്റീന കുന്നക്കാട്ടുതറ (കോട്ടയം). കൊച്ചുമക്കൾ: ജെറിൽ, ജോയൽ, ജൂഡ്, ജസ്റ്റസ്, ഇവാന, എംലിൻ, ജനിറ്റ, ജൂബെൽ, ജോവീറ്റ.

**എ.വി.ബാബു**

വരമ്പിനകം:മൂലേപാടംചിറ ആറ്റുപുറം എ.വി.ബാബു (57) അന്തരിച്ചു. ഭാര്യ: രാധ. മക്കൾ: കാർഗിൽ ബാബു (ദുബായ്), അഖിൽ ബാബു.



**ബ്രദർ തോമസ് കുര്യൻ**

ഫ്ളോറിഡ: ഫ്ളോറിഡ ലേക്‌ലാൻഡ് ബ്രദറൺ അസംബ്ലി സഭാംഗം ബ്രദർ തോമസ് കുര്യൻ (75) ഫ്ളോറിഡയിൽ അന്തരിച്ചു. ആദ്യകാല ബ്രദറൺ കുടുംബങ്ങളിൽ ഒന്നായ പത്തനംതിട്ട മുണ്ടുകോട്ടയ്ക്കൽ ഓലിപ്പാട്ട് പരേതരായ കെ. ജി തോമസിന്റെയും ശോശാമ്മ തോമസിന്റെയും ഇളയ മകനാണ്. ഭാര്യ മേഴ്‌സി കുര്യൻ കുടുംബാംഗമാണ്.മക്കൾ: നിസ്സി കുര്യൻ, സാം കുര്യൻ, നാൻസി കുര്യൻ. മരുമകൾ: ലിൻഡ കുര്യൻ. കൊച്ചുമക്കൾ : ജയ്ന, ജാരെഡ്, റോഹാൻ, ആഷേർ. സഹോദരങ്ങൾ : എലിയമ്മ തോമസ്, പരേതരായ തങ്കമ്മ, സാറാമ്മ, സാമുവൽ, മറിയാമ്മ.

**വർഗീസ് കെ.ചാണ്ടപ്പിള്ള**

ശാന്തിപുരം: കൊച്ചിക്കുഴിയിൽ വർഗീസ് കെ.ചാണ്ടപ്പിള്ള (73) അന്തരിച്ചു.



**മറിയാമ്മ തോമസ്**

ഫ്ളോറിഡ: നീറിക്കാട് പരേതനായ പി.യു. തോമസിന്റെ ഭാര്യ മറിയാമ്മ തോമസ് പിണക്കുഴത്തിൽ (95) ഫ്ളോറിഡയിൽ അന്തരിച്ചു. പരേത പേരൂർ പുളിക്കത്തൊടിയിൽ കുടുംബാംഗമാണ്. മക്കൾ: മേരിക്കുട്ടി ജേക്കബ്ബ് പ്ലാംകൂടത്തിൽ (കൂപ്പർ സിറ്റി, ഫ്ളോറിഡ), പരേതയായ ഏലിയാമ്മ തോമസ് മറ്റത്തിൽപറമ്പിൽ (റോക്ക്ലാന്റ്, ന്യൂയോർക്ക്), ആനി ഇടിക്കുള പാറാനിയ്ക്കൽ (ഡേവി, ഫ്ലോറിഡ), ഗ്രേസി ജോസഫ് പുതുപ്പള്ളിൽ (കൂപ്പർ സിറ്റി, ഫ്ളോറിഡ), റോയ് തോമസ് പിണക്കുഴത്തിൽ (കൂപ്പർ സിറ്റി, ഫ്ളോറിഡ).13 കൊച്ചുമക്കളും 17 കൊച്ചുമക്കളുടെ മക്കളുമുണ്ട്.

**പി.കെ.മാത്യു**

മണർകാട്:കുറ്റിയക്കുന്ന് പി.കെ.മാത്യു അന്തരിച്ചു.



**ഏലിയാമ്മ മാമ്മൻ**

ന്യൂയോർക്ക്: ടപ്പാൻ ക്രൈസ്റ്റ് സിഎസ്ഐ ചർച്ച് അംഗം മാമ്മൻ മത്തായിയുടെ (പാപ്പച്ചായൻ) ഭാര്യ ഏലിയാമ്മ മാമ്മൻ,89, അന്തരിച്ചു. ഏലിയാമ്മ മാമ്മൻ കോട്ടയം മണിയംകുളം ഈപ്പന്റെയും അച്ചാമ്മ ഈപ്പന്റെയും 9 മക്കളിൽ അഞ്ചാമത്തെ പുത്രിയാണ്. ന്യൂയോർക്കിലെ വിവിധ ആശുപത്രികളിൽ അവർ ജോലി ചെയ്തു. 1997-ൽ വിരമിക്കുന്നത് ബ്രോങ്ക്സ് ലെബനൻ ആശുപത്രിയിൽ നിന്നാണ്. 1986 മുതൽ ന്യൂയോർക്കിലെ വെസ്റ്റ് നയാക്കിൽ ആയിരുന്നു താമസം. മകൻ അനിൽ മാമ്മൻ, ശോഭ, സാറ,പീറ്റർ, ജേസൺ. മകൾ അനുപമ ജോർജ്, പോൾ, സോഫിയ. സഹോദരിമാർ: കുഞ്ഞുമോൾ, ആനി. കിംഗ് ജോർജ് ആശുപത്രിയിൽ നഴ്സിംഗ് പഠിച്ചു.



**ബീന മാത്യു**

മാഞ്ചസ്റ്റർ സെന്റ് മേരീസ് ക്നാനായ മിഷൻ അംഗമായ ബീന മാത്യു ചമ്പക്കര (53) അന്തരിച്ചു. അന്ത്യം. മാഞ്ചസ്റ്ററിലെ ട്രാഫോർഡ് ജനറൽ ഹോപിറ്റലിൽ നഴ്‌സായി ജോലിചെയ്തുവരികയായിരുന്നു ബീന. മാഞ്ചസ്റ്റർ എം ആർ ഐ ഹോസ്പിറ്റലിലെ ജീവനക്കാരനായ മാത്യു ചുമ്മാറും മക്കളായ എലിസബത്, ആൽബെർട്, ഇസബെൽ മറ്റു കുടുംബാംഗങ്ങളും മരണസമയത്ത് അടുത്തുണ്ടായിരുന്നു. നാട്ടിൽ കോട്ടയത്ത് കുറുപ്പന്തറചമ്പക്കര കുടുംബാംഗമാണ് പരേത. പരേത കോട്ടയം മള്ളുശ്ശേരി മുതലക്കോണത്ത് മാത്യു മറിയാമ്മ ദമ്പതികളുടെ ഇളയമകളാണ്.

**ആർ.ജയിംസ്**

വണ്ടിപ്പെരിയാർ:പാറയ്ക്കൽ വീട്ടിൽ ആർ.ജയിംസ് (68) അന്തരിച്ചു.



**എം.എം ജോർജ്**

മറ്റക്കര: മാമ്പുഴയ്ക്കൽ എം.എം ജോർജ് (83) അന്തരിച്ചു. ഭാര്യ: പരേതയായ ഏലാമ്മ കുറുമുള്ളൂർ പാറ്റിയാൽ കുടുംബാംഗമാണ്. മക്കൾ: ബേബിച്ചൻ, ബീനാ (യു.എസ്.എ), ബിജു (ഡൽഹി). മരുമക്കൾ: സാലി കുട്ടത്തുപറമ്പിൽ മുട്ടം, ജേക്കബ് കിഴക്കേക്കാട്ടിൽ കൈപ്പുഴ (യു.എസ്.എ), സിനി അപ്പോഴിപ്പറമ്പിൽ മേമ്മുറി (ഡൽഹി). ഫാ. തോമസ് മാമ്പുഴയ്ക്കൽ സഹോദരനാണ്.

**ടി.കെ.വർഗീസ്**

ഉമിക്കുപ്പ:തൊട്ടിപ്പറമ്പിൽ ടി.കെ.വർഗീസ് (കുഞ്ഞൂട്ടി 75) അന്തരിച്ചു. ഭാര്യ: മേരിക്കുട്ടി പാറയിൽ. മക്കൾ: രശ്മി (അയർലൻഡ്), ജാസ്മിൻ. മരുമക്കൾ: ബിജു (അയർലൻഡ്), ഫിൽജു (സെന്റ് എഫ്രേംസ് എച്ച്എസ് ചിറക്കടവ്).



**എം.ജെ ചെറിയാൻ**

കോട്ടയം: മള്ളൂശ്ശേരി: തേക്കുംപറമ്പിൽ എം.ജെ ചെറിയാൻ (തമ്പി-70) അന്തരിച്ചു. ഭാര്യ: മോളി പരിപ്പ് പാലത്തിങ്കൽ കുടുംബാംഗമാണ്. മക്കൾ: നീനു, ജോസഫ്, അലക്സ് (മൂവരും യു.എസ്.എ). മരുമക്കൾ: ലിയോ ചാരത്ത്, സ്നേഹ വയലിൽ, അലീഷ മീമ്പനത്ത് (മൂവരും യു.എസ്.എ). സഹോദരങ്ങൾ: ജിജി തോമസ് കുന്നുമാംതൊട്ടിയിൽ സംക്രാന്തി, എബി ജോസഫ് തേക്കുംപറമ്പിൽ മള്ളൂശ്ശേരി, സുജ ജോണി പൂഴിക്കാലായിൽ തൊടുപുഴ.

**ചാക്കോ തോമസ്**

കുറിച്ചി:പള്ളിക്കപറമ്പിൽ ചാക്കോ തോമസ് (83) അന്തരിച്ചു. ഭാര്യ: കുറിച്ചി ചേലാറ കണ്ണകേരിൽ തങ്കമ്മ. മക്കൾ: ബോബി, സോബി, (ഇരുവരും പ്രീയ കളർലാബ് ചങ്ങനാശേരി), ജോർജ്കുട്ടി.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
MediaAppUSA
Call 1-917-900-2123 for Advertisements & News